# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വിജയപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം പി .12-1445/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 07/10/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിജയപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം പി .12-1445/2024 തീയ്യതി: 07/10/2024

## കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 19-08-2024 | 29-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-08-2024 | 29-08-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ പ്രസാദ് പി.ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ സുമേഷ് പി.വി., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയശ്രീ പി.ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
സിനിമോൾ ഏബ്രഹാം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി. റ്റി. സോമൻകുട്ടി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ ശ്രീകാന്ത് റ്റി ആർ | സെക്രട്ടറി | 01-04-2023 | 03-07-2023 |
| ശ്രീ. വിനു മാത്യൂസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2023 | 11-07-2023 |
| ശ്രീ അനീഷ് എസ് | സെക്രട്ടറി | 12-07-2023 | 13-08-2023 |
| ശ്രീ. വിനു മാത്യൂസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-08-2023 | 07-09-2023 |

| | | | |
|---|---|---|---|
| ശ്രീ അനീഷ് എസ് | സെക്രട്ടറി | 08-09-2023 | 08-01-2024 |
| ശ്രീ. വിനു മാത്യൂസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-01-2024 | 24-01-2024 |
| ശ്രീ അനീഷ് എസ് | സെക്രട്ടറി | 25-01-2024 | 17-03-2024 |
| ശ്രീ. വിനു മാത്യൂസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനു മാത്യൂസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി രശ്മി എസ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി അനുമോൾ റ്റി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. അമൃത സി ഡി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| രതീഷ് പി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 12-07-2023 |
| ലൈലമോൾ വർഗീസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12-07-2023 | 31-03-2024 |
| ഡോ. ജ്യോതി ജെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2023 | 24-06-2023 |
| ഡോ. അഞ്ജന സുനിൽ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-09-2023 | 31-03-2024 |
| ശ്രീമതി ശില്പമോൾ പി എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 19-07-2023 |
| ശ്രീമതി ജയലക്ഷ്മി | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-07-2023 | 31-03-2024 |
| ശ്രീമതി രമ്യാ നാരായണൻ കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ശ്യാമ ധരൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 30-05-2023 | 16-02-2024 |
| ശ്രീ സനീഷ് ദിനേശൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 17-02-2024 | 24-03-2024 |
| ശ്രീമതി ഐശ്വര്യ സലി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 27-03-2024 | 31-03-2024 |
| ശ്രീമതി ബിന്ദു ബി നായർ | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ഡോ. അഞ്ജന സുരേന്ദ്രൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം ഇൻചാർജ്ജ് | 25-06-2023 | 31-08-2023 |
| ശ്രീമതി പ്രീതി സി, | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 29-05-2023 |
| ഡോ. വിനു പ്രസാദ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2023 | 31-03-2024 |
| ഡോ. സോജ എസ്. | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ടിന്റെ വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല. | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല. | 1-1-3 |
| 5 | മൂല്യശോഷണം കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ചെലവുകൾ കൃത്യമായ ബാധ്യത ശീർഷകത്തിൽ അക്രുവലായി അക്കൗണ്ട് ചെയ്യുന്നില്ല | 1-1-7 |
| 9 | തൊഴിൽനികുതി,IFTE&OS ലൈസൻസ് എന്നിവയുടെ ഡി.സി.ബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ഗുണഭോക്തൃവിഹിതമിനത്തിൽ ബാലൻസ് തുക വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-9 |
| 11 | തൊഴിലുറപ്പ് പദ്ധതി-മുൻകൂർ തുക കൃത്യമല്ല | 1-1-10 |
| 12 | അഡ്വാൻസ് തുകയുടെ വിശദാശങ്ങൾ ലഭ്യമാക്കിയില്ല | 1-1-11 |
| 13 | നിർവ്വഹണഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ തുകയുടെ കൃത്യത വ്യക്തമല്ല | 1-1-12 |
| 14 | നിക്ഷേപ തുക മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-13 |
| 15 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-14 |
| 16 | ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | സ്ഥിര നിക്ഷേപങ്ങളുടെ പലിശ തുക പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ബജറ്റ്-വിശകലനം | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | വാർഷികപദ്ധതി അവലോകനം | 1-5 |
| 22 | മഹാത്മഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | വിവിധ തുകകൾ ക്രമീകരിക്കാതെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-11 |
| 28 | 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല | 1-12 |
| 29 | വസ്തുനികുതി പരിഷ്കരണം- നടപടികളിലെ അപാകതകൾ | 1-13 |
| 30 | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ കെട്ടിടത്തിന് -വസ്തുനികുതി, സേവന ഉപനികുതി ഒഴിവാക്കി | 1-14 |
| 31 | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ- നികുതി നിർണ്ണയിച്ചില്ല | 1-15 |
| 32 | ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-16 |
| 33 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടം പാർപ്പിടാവശ്യമെന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചു | 1-17 |
| 34 | മേൽക്കൂരയുടെ തരം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു | 1-18 |
| 35 | വസ്തുനികുതി പരിഷ്കരണം- നടപടികൾ പൂർത്തിയായില്ല | 1-19 |
| 36 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല | 1-20 |
| 37 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-21 |
| 38 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ പോളുകളുടെ വാടക - വാർഷിക വർദ്ധനവ് വരുത്തി ഈടാക്കിയില്ല | 1-22 |

| | | |
|---|---|---|
| 39 | വാടക കുടിശ്ശിക - ഈടാക്കിയില്ല | 1-23 |
| 40 | അസി.സെക്രട്ടറി, ശ്രീ. വിനു മാത്യുസ് ന് ഇൻക്രിമെന്റ് കുടിശിക അനുവദിച്ചത് ക്രമപ്രകാരമല്ല. | 1-24 |
| 41 | മഴക്കാലപൂർവ്വ ശുചീകരണം - അപാകതകൾ. | 1-25 |
| 42 | പരാതിയുടെ അടിസ്ഥാനത്തിലുള്ള മരം മുറിക്കൽ - തുക ഈടാക്കിയില്ല. | 1-26 |
| 43 | പഞ്ചായത്തിലേക്ക് ആംബുലൻസ് വാങ്ങൽ - അപാകതകൾ. | 1-27 |
| 44 | വരൾച്ചാ ദുരിതാശ്വാസപ്രവർത്തനം - നിർദ്ദേശം പാലിച്ചില്ല. | 1-28 |
| 45 | ഹരിതമിത്രം ആപ്പ് - തുടർപ്രവർത്തന വിശദാംശങ്ങൾ ലഭ്യമായില്ല. | 1-29 |
| 46 | കമ്മ്യൂണിറ്റി ഹാൾ നവീകരണം- വിവിധ നികുതി വിഹിതങ്ങൾ അടവാക്കിയില്ല | 1-30 |
| 47 | വിവിധ പ്രോജക്കുകൾ - ടെണ്ടർ ക്ഷണിക്കാതെ വാങ്ങലുകൾ നടത്തി. | 1-31 |
| 48 | എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ - അപാകതകൾ. | 1-32 |
| 49 | വനിതാഫിറ്റ്നസ്സ് സെന്ററിന് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ. | 1-33 |
| 50 | ഹോമിയോ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു | 1-34 |
| 51 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി | 1-35 |
| 52 | എസ് സി സങ്കേതം-മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ- വാങ്ങലിന് ടെണ്ടർ ക്ഷണിച്ചില്ല | 1-36 |
| 53 | മാലിന്യനിക്ഷേപം തടയൽ -പൊതു സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ-ജെം വഴി വാങ്ങൽ നടത്തിയില്ല,മറ്റ് അപാകതകൾ. | 1-37 |
| 54 | ജൈവ അജൈവ ലെഗസി മാലിന്യം നീക്കം ചെയ്യൽ-വിശദാംശങ്ങൾ ലഭ്യമായില്ല | 1-38 |
| 55 | പോർട്ടബിൾ ബക്കറ്റ് കമ്പോസ്റ്റ് -ഗുണഭോക്തൃവിഹിതം അധികമായി ശേഖരിച്ചത്. | 1-39 |
| 56 | ജി ബിൻ വിതരണം -ഗുണഭോക്തൃവിഹിതം തിരികെ നല്കുന്നതിനുള്ള കമ്മിറ്റി തീരുമാനം -നടപടി പൂർത്തിയായില്ല. | 1-40 |
| 57 | കാലി ബാരൽ വില പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-41 |
| 58 | പ്രവൃത്തിയുടെ ഇൻഷുറൻസ് രേഖ ഹാജരാക്കിയില്ല. | 1-42 |
| 59 | ഐ.കെ.എം മെമ്പർഷിപ്പ് ഫീസ് - കൈപ്പറ്റ് രേഖകൾ ലഭ്യമായില്ല. | 1-43 |
| 60 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾ- കരാർ /വിനിയോഗ വിവരമില്ല. | 1-44 |
| 61 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1- 45 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29/06/2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 07.10.2024** **ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 ജനറൽ ഫണ്ടിന്റെ വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

## 1-1-2 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല.

2023-24 വർഷം വിവിധ ഫണ്ടുകൾ തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല.

വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല.**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-4 മൂല്യശോഷണം കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല**

2023-24 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട തുകയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

**1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന നോട്ട് ഓൺ അക്കൗണ്ട്സ് ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

**1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷികകണക്ക് ബി 9 ഷെഡ്യൂൾ പ്രകാരമുള്ള തുക 29,986/-(ശീർഷകം 350300199) രൂപയുടെ കൃത്യത വ്യക്തമല്ല.

**1-1-7 ചെലവുകൾ കൃത്യമായ ബാധ്യത ശീർഷകത്തിൽ അക്രുവലായി അക്കൗണ്ട് ചെയ്യുന്നില്ല**

ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും 2023-24 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രുവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്.

| ശീർഷകം | കണക്ക് ശീർഷകത്തിന്റെ പേര് |
|---|---|
| 350100101 | Amount Payable To Suppliers |
| 350100201 | Amount Payable To Contractors |
| 350100301 | Amount Payable To Conveners |
| 350100401 | Amount Payable To Professionals |
| 350100501 | Amount Payable To Elected Representatives |
| 350100901 | Amount Payable To KSEB |
| 350100902 | Amount Payable To Telephone Charge |
| 350100903 | Amount Payable To KWA |

തുടർവർഷം മുതൽ ചെലവുകൾ Payable ആയി കൃത്യമായ ബാധ്യത ശീർഷകങ്ങളിൽ വേർതിരിച്ച് മാത്രം ജേർണൽ എൻട്രിയായി(Journal Voucher) അക്കൗണ്ട് ചെയ്യേണ്ടതാണ്.

**1-1-8 തൊഴിൽനികുതി,IFTE&OS ലൈസൻസ് എന്നിവയുടെ ഡി.സി.ബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല**

തൊഴിൽ നികുതി, IFTE&OS ലൈസൻസ് ഫീസ് എന്നിവയുടെ ഡി.സി.ബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**1-1-9 ഗുണഭോക്തൃവിഹിതമിനത്തിൽ ബാലൻസ് തുക വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

ബി 4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ബാലൻസ് തുക 27,085/- (ശീർഷകം 320800101) -രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**1-1-10 തൊഴിലുറപ്പ് പദ്ധതി-മുൻകൂർ തുക കൃത്യമല്ല**

വാർഷികകണക്ക് ബി 18 ഷെഡ്യൂൾ പ്രകാരം എം ജി എൻ ആർ ജി എസ് ന് നൽകിയ അഡ്വാൻസ് തുക 2,261,552/(ശീർഷകം 460500801)-രൂപയാണ് എന്നാൽ എം ജി എൻ ആർ ജി എസ് -ക്യാഷ് ബുക്ക് പ്രകാരം അഡ്വാൻസ് തുക 14,75,279/യാണ്.

**1-1-11 അഡ്വാൻസ് തുകയുടെ വിശദാശങ്ങൾ ലഭ്യമാക്കിയില്ല**

ബി 18 ഷെഡ്യൂൾ പ്രകാരം Other Advance (ശീർഷകം 460100199) ഇനത്തിൽ നൽകിയ 53,318/-രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**1-1-12 നിർവ്വഹണഉദ്യോഗസ്ഥർക്ക് നൽകിയ മൂൻകൂർ തുകയുടെ കൃത്യത വ്യക്തമല്ല**

വാർഷികകണക്ക് ബി 18 ഷെഡ്യൂൾ പ്രകാരം Advances To Implementing Officers ന് നൽകിയ 220,000/(ശീർഷകം 460500501)-രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-13 നിക്ഷേപ തുക മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല**

പ്രോജക്റ്റ് നം.218/24 പ്രകാരം KSEB-യിൽ നിക്ഷേപിച്ച 107975/- രൂപയുടെ ചെലവ് മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

**1-1-14 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല**

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

**1-1-15 ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല**

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ടൈഡ് , അൺടൈഡ് ഇനങ്ങളിലെ B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ എ.സി.ആർ,സുലേഖ ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.വാർഷിക കണക്കു പ്രകാരം ബാങ്കിൽ അവശേഷിക്കുന്ന തുക 26,33,171/- (RP 40-(B) രൂപയാണ്. B4 -ഷെഡ്യൂൾ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -Untied-(16,40,499) , Tied (11,86,846/) എന്നിവയാണ് നീക്കീയിരുപ്പ് തുകകൾ (16,40,499+11,86,846=2827345). 2023-24 ൽ ട്രഷറി വരവ് ഇല്ല. ട്രഷറിയിലെ നീക്കീയിരുപ്പ് വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-16 സ്ഥിര നിക്ഷേപങ്ങളുടെ പലിശ തുക പൊരുത്തപ്പെടുന്നില്ല**

ഗ്രാമപഞ്ചായത്തിന് കോട്ടയം സബ് ട്രഷറിയിൽ മൂന്ന് സ്ഥിരനിക്ഷേപങ്ങളാണുള്ളത്.സ്ഥിര നിക്ഷേപങ്ങളുടെ പലിശ വരവ് RP -8 ഷെഡ്യൂൾ പ്രകാരം 1,476,010/-രൂപയാണ്.എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം (FD Receipts) പലിശ തുക 1,401,186/ രൂപയാണ്. സ്ഥിര നിക്ഷേപ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

**1-2 ബജറ്റ്-വിശകലനം**

2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 21.03.2023ലെ 3/1-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024 -ലെ 1/1-ാം നം. തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും യഥാർത്ഥ വരവ്-ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 47236164 | 71505606 |
| വരവ് | 221806700 | 228381700 |
| ആകെ | 269042864 | 299887306 |
| ചെലവ് | 261683000 | 261858000 |
| നീക്കിയിരിപ്പ് | 7359864 | 38029306 |

പുതുക്കിയ ബജറ്റ് കണക്കുകളും ആദ്യത്തെ ബജറ്റ് എസ്റ്റിമേറ്റും തമ്മിൽ വലിയ വ്യതിയാനം വരുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

### റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 39322642.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 59697583.00 |
| ആകെ | 99020225.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 60601237.00 |
| നീക്കിയിരിപ്പ് | 38418988.00 |

### ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 136899632.00 |
| ആകെ ചെലവ് | 137640037.00 |
| പ്രവർത്തന നഷ്ടം (Gross Deficit) | -740405.00 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | -335612.00 |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | -1076017.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5292743/- |

## 1-4 ഗ്രാന്റ് വിനിയോഗം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18421000 | 184210000 | 18127723 | 293277 | 98% |
| വികസന ഫണ്ട്-SCP | 0 | 5947000 | 5947000 | 5042983 | 904017 | 84% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 242405 | 3050000+ 36907(പലിശ) | 3329312 | 1651906 | 1677406 | 53% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 1270751 | 2287500 | 3558251 | 2371405 | 1186846 | 66% |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 12432000 | 12432000 | 3745895 | 8686105 | 30% |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3359400 | 3359400 | 3359400 | 0 | 100% |
| Health Grand Towards Buildingless Subcenters PHCs&CHCs (ആശുപത്രികളുടെ കെട്ടിട നിർമ്മാണത്തിനുള്ള തുക) | 0 | 2,80,55,00 | 2,80,55,00 | 0 | 2,80,55,00 | 0 |
| Health Grant Towards Support For Diagnostic Infrastructure (NHM) (നാഷണൽ | 2753 | 1028608 | 10, 31,361 | 20,38,31 | 8,27,530 | 20% |

| | | | | | | |
|---|---|---|---|---|---|---|
| ഹെൽത്ത് മിഷൻ ഫണ്ട്) | | | | | | |
| ആരോഗ്യ ഗ്രാന്റ്(പി.എച്ച്.സി കളുടെ നവീകരണത്തിനുള്ള തുക) | 1570 | 425156 | 4,26,726 | 4,20,000 | 6726 | 98% |
| ഐ.സി.ഡി.എസ് | 25,40,380 | 15,99,330 | 41,39,710 | 293834 | 38,4,5876 | 70% |
| ശുചിത്വമിഷൻ | 4,38,055 | 10,73,716 | 15,11,771 | 10,73,716 | 4,38,055 | 71% |

1. വികസന ഫണ്ട് ജനറൽ 292/24, 295/24, 297/24 ജി.ഓ പ്രോജക്ടുകൾ പ്രകാരം 1533000/- രൂപ രൂപ അങ്കണവാടി അധികവേതനം ഇനത്തിൽ കുറവുചെയ്തിരുന്നു. ടി തുക കൂടി വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
2. വികസന ഫണ്ട് എസ്.സി.പി 298/24, 294/24, 296/24 ജി.ഓ പ്രോജക്ടുകൾ പ്രകാരം 41849/- രൂപ ലൈഫ് വായ്പ തിരിച്ചടവ് ഇനത്തിൽ കുറവുചെയ്തിരുന്നു. ടി തുകകൾ കൂടി വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
3. ധനകാര്യകമ്മീഷൻഗ്രാന്റ്-Untied-മുന്നിരിപ്പ് 242405 പലിശ (36907), 2023-24 വർഷം ട്രഷറി വരവ് (ഇല്ല), ബാങ്കിലെ വരവ് 30550000(1525000+1525000) എന്നിവ ഉൾപ്പെടെ ആണ്.
4. ധനകാര്യകമ്മീഷൻഗ്രാന്റ്-Tied-മുന്നിരിപ്പ് (1270751), ബാങ്കിലെ വരവ് 3050000 (1525000+1525000), (2023-24 വർഷം ട്രഷറി വരവ് ഇല്ല) എന്നിവ ഉൾപ്പെടെ ആണ്.
5. ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് (എസ്.ബി.ഐ, അക്കൗണ്ട് നം.38357845770) പ്രകാരം നീക്കീയിരുപ്പ് തുക 26,33,171/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം, 28,27,345 (16,40,499+11,86,846) രൂപയാണ് വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.
6. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ 2022-23 മുതൽ 2026-27 വരെയുള്ള വാർഷികപദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സുസ്ഥിര വികസനലക്ഷ്യങ്ങളിലൂന്നി കേരളത്തെ വൈജ്ഞാനികസമൂഹമാക്കി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുക, കേരളത്തിന്റെ സാമ്പത്തികവികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുക, പിന്നോക്ക, പാർശ്വവൽകൃത സമൂഹങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുള്ള വികസനം, ആഗോള സുസ്ഥിരവികസനലക്ഷ്യങ്ങൾ നിശ്ചിതസമയത്തിന് മുൻപേതന്നെ കൈവരിക്കുക,കേരളത്തിലെ ജനങ്ങളുടെ ജീവിതഗുണമേന്മ വർദ്ധിപ്പിക്കുക എന്നിവ 14-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യങ്ങളായി നിശ്ചയിച്ച് അത് നേടുന്നതിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കൈവരിക്കേണ്ട സവിശേഷ വികസന ലക്ഷ്യങ്ങൾ തീരുമാനിക്കപ്പെടുകയുണ്ടായി. പ്രസ്തുത വികസനലക്ഷ്യങ്ങൾ കേരള സർക്കാർ ആവിഷ്കരിച്ച നവകേരള കർമ്മപദ്ധതി വികസനദൗത്യങ്ങളായ ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നിവയുമായി ഏകോപിപ്പിക്കുംവിധം വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് മാർഗരേഖ നിഷ്കർഷിക്കുന്നു.
ആയതിലേക്ക് കൃത്യമായ പദ്ധതി ആസൂത്രണ നിർവഹണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.
വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ യോഗം 27-12-2022 ലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ 03-01-2023മുതൽ 14-01-2023 വരെയുള്ള കാലയളവിലും വികസനസെമിനാർ 27-01-2023ലും നടക്കുകയുണ്ടായി. ഇങ്ങനെ നിശ്ചിത സമയക്രമം പാലിച്ചുള്ള വിവിധ ഘട്ടങ്ങളിലൂടെയുള്ള വിശകലനങ്ങൾ, നിർദ്ദേശങ്ങൾ, ചർച്ചകൾ എന്നിവയുടെ ഫലമായി ഉരുത്തിരിഞ്ഞ 2023-24 വാർഷികപദ്ധതി പ്രോജക്ടുകൾക്ക് 23-01-2024 ലെ പഞ്ചായത്ത്കമ്മിറ്റിയുടെ 2(1)-ാം നമ്പർ തീരുമാനം പ്രകാരം അന്തിമ അംഗീകാരം നല്കുകയുണ്ടായി. വാർഷിക പദ്ധതിക്ക് 83898/23/DPC/DPO/KTM തീയതി 03/02/2024ഉത്തരവിലൂടെ ജില്ലാ ആസൂത്രണസമിതിയുടെ അന്തിമ

അംഗീകാരം ലഭിച്ചു.

**വാർഷിക പദ്ധതിയുടെ സംക്ഷിപ്തം**

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 260 | 163 | 182384465 | 57725420 | 32 |

അംഗീകാരം ലഭിച്ച 260 പ്രോജക്ടുകളിൽ 163 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ചവയിൽ 88 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. അവയിൽ 64 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.

**വിവിധനിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകൾ**

പദ്ധതി നിർവ്വഹണചുമതല 13 ഉദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണോദ്യോഗസ്ഥൻ | പ്രോജക്ടുകൾ | നടപ്പാക്കിയത് | ആകെ വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 8 | 4000000 | 2553000 | 64 |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 1725000 | 1725000 | 100 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 11 | 11 | 4613083 | 3420521 | 74 |
| 4 | മെഡി.ഓഫീസർ, ആയുർവേദ | 3 | 3 | 662000 | 600272 | 91 |
| 5 | മെഡി.ഓഫീസർ, ഹോമിയോ | 2 | 2 | 325000 | 307757 | 95 |
| 6 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 180000 | 130400 | 72 |
| 7 | വി.ഇ.ഒ | 12 | 11 | 80623357 | 12176153 | 15 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 3993300 | 2873530 | 72 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 452838 | 91 |
| 10 | സെക്രട്ടറി | 46 | 33 | 24578466 | 12536987 | 51 |
| 11 | അസി.എൻജിനീയർ | 145 | 67 | 55092025 | 16669712 | 30 |
| 12 | ഹെഡ് മാസ്റ്റർ | 4 | 3 | 1282950 | 1114825 | 87 |
| 13 | അസി.സെക്രട്ടറി | 15 | 12 | 4809284 | 3164425 | 66 |
| ആകെ | | 260 | 163 | 182384465 | 57725420 | 32 |

**വാർഷികപദ്ധതി- നടപടിക്രമങ്ങൾ, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് വിവരങ്ങൾ**

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വിവിധ മീറ്റിംഗുകൾ സമയക്രമം പാലിച്ച് നടത്തുകയുണ്ടായി. മീറ്റിംഗുകളുടെ മിനിറ്റ്സ് മതിയായ വിവരങ്ങൾ ചേർത്ത് സൂക്ഷിച്ചിട്ടുണ്ട്. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും എല്ലാ നിർവഹണ ഉദ്യോഗസ്ഥരും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

വാർഷിക പദ്ധതിക്കായി ആകെ വകയിരുത്തിയ 182384465/രൂപയിൽ ചെലവഴിച്ചത് 57725420/രൂപ മാത്രമാണ്. അതായത് ചെലവ് 32% മാത്രമാണ്. സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ 88 പ്രോജക്ടുകളിൽ 64 എണ്ണം നടപ്പാക്കി. കൃഷി ഓഫീസർ, വെറ്ററിനറിസർജൻ, മെഡി.ഓഫീസർമാർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഡയറി ഫാം ഇൻസ്ട്രക്ടർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ എല്ലാം നടപ്പിലാക്കിയിട്ടുണ്ട്. അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾക്കായി ആകെ വകയിരുത്തിയ 55092025/രൂപയിൽ 30% മാത്രമാണ് (16669712) ചെലവഴിച്ചത്. നടപ്പിലാക്കിയ പല പ്രോജക്ടുകളുടെയും ബില്ലുകൾ യഥാസമയം മാറാനും സാധിച്ചില്ല. ഏകവർഷ പ്രോജക്ടുകളായി ആരംഭിച്ച് പല പ്രോജക്ടുകളും വർഷങ്ങളായി സ്പിൽ ഓവറായി തുടരുകയും പൂർത്തീകരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നതിൽ നിന്ന് പ്രോജക്ടുകൾ രൂപീകരിക്കുന്നത് ആവശ്യകതയുടെയും മുൻഗണനകളുടെയും അടിസ്ഥാനത്തിലല്ല എന്നാണ് വ്യക്തമാകുന്നത്.

ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ അനിവാര്യത, പ്രായോഗികക്ഷമത, നിയമസാധുത, വിജയസാദ്ധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല. .

**ലാപ്സായ ഗ്രാന്റ് തുകകൾ**

സംരക്ഷണഗ്രാന്റ് റോഡിനത്തിൽ തൻവർഷം ലഭിച്ചത് 12432000/രൂപയാണ്. എന്നാൽ വിവിധ പ്രവൃത്തികളിലായി ചെലവഴിച്ചത് 3745895/മാത്രമാണ്. അതായത് ആകെ ചെലവഴിച്ചത് ഏകദേശം 30% മാത്രമാണ്. എന്നാൽ വിവിധ പ്രോജക്ടുകളുടേതായി 1600965/രൂപയുടെ ബില്ലുകൾ ട്രഷറിയിൽ ക്യൂ വിലായിരുന്നു.

പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ എത്തിക്കുന്നത് സാമ്പത്തിക വർഷാവസാനദിവസം ആക്കുന്നത് ഒഴിവാക്കി യഥാസമയം ബില്ലുകൾ മാറാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 293277 |
| വികസന ഫണ്ട്-എസ്.സി.പി | 904017 |
| മെയിന്ററനൻസ് ഗ്രാന്റ്-റോഡ് | 8686105 |
| ആകെ | 9883399 |

**മോണിറ്ററിംഗ്**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇതിൽ നിന്ന് പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ മിക്കവാറും നിഷ്ക്രിയാവസ്ഥയിലായിരുന്നുവെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

## 1-6 മഹാത്മഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2023-24 വർഷം 31 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 19 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 406 കുടുബങ്ങൾക്ക് 28649 ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 65 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. പഞ്ചായത്തിൽ ആകെയുള്ള 222 അയൽകൂട്ടങ്ങളിൽ 222 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കിയുള്ള പ്രവൃത്തികളും ജലസംരക്ഷണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. മരം നടൽ, നഴ്സറി നിർമ്മാണം, കന്നുകാലിത്തൊഴുത്ത് നിർമ്മാണം, കുളം നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ, സോക്ക്പിറ്റ് നിർമ്മാണം, മഴക്കുഴി നിർമ്മാണം, ഭവനനിർമ്മാണം തുടങ്ങിയ വിവിധ പ്രോജക്ടുകൾ നടപ്പാക്കി. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2504 | 324160 | 326664 | 326664 | 0 |
| തൊഴിലാളികൾക്ക് നേരിട്ടു നൽകിയത് (പലിശ ഉൾപ്പെടെ) | 0 | 10430809 | 10430809 | 10430809 | 0 |
| ആകെ | 2504 | 10754969 | 10757473 | 10757473 | 0 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 4320 | 6 |
| വാർദ്ധക്യകാലപെൻഷൻ | 30138000 | 21336 |
| കർഷകതൊഴിലാളി പെൻഷൻ | 2537600 | 1403 |
| വിധവാപെൻഷൻ | 10260800 | 7296 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 590800 | 378 |
| വികലാംഗപെൻഷൻ | 3226300 | 2099 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-24 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 19.08.2024 തീയതിയിൽ 3.20 പി എം-ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,236/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ മാർച്ച് 2024വരെ മാത്രമാണ് തയാറാക്കിയിട്ടുള്ളത്. പ്രതിമാസ റിക്കൺസിലിയേഷൻ തയാറാക്കാത്തത് അക്കൗണ്ടിംഗ് നടപടികളിലെ വീഴ്ചയാണ്. മുൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ, എന്നിവ മതിയായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടുണ്ട്. സ്ഥിരനിക്ഷേപ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപന രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ മതിയായ വിവരങ്ങൾ ചേർത്ത് സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി ഉൾപ്പെടെയുള്ള നികുതിപിരിവുകൾ പൊതുവെ കാര്യക്ഷമമായിരുന്നു. നികുതി പിരിവിലുൾപ്പെടെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ ഭരണസമിതി നടത്തിയിട്ടുള്ളതായി മിനിറ്റ്സ് ബുക്കുകളിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു.

വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താതെയും, അച്ചടക്കനടപടിയുൾപ്പെടെയുള്ള വിവരങ്ങൾ മറച്ചുവച്ചും ജീവനക്കാരുടെ സേവനരേഖകൾ സൂക്ഷിക്കുകയും ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുന്നത് ഗുരുതരമായ പിഴവാണ്. അസി.സെക്രട്ടറിയായിരുന്ന ശ്രീ.വിനു മാത്യൂസിന് ശമ്പളപരിഷ്കരണം അനുവദിച്ചശേഷം റദ്ദാക്കേണ്ടിവന്ന സാഹചര്യം ഇപ്രകാരം സേവനപുസ്തകത്തിൽ അച്ചടക്കനടപടി വിവരങ്ങൾ വ്യക്തമായി ഉൾപ്പെടുത്താതിരുന്നതാണ്. സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ വീഴ്ചയാണ് ഇത് വെളിവാക്കുന്നത്. പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

വാർഷികപദ്ധതി പ്രോജക്ടുകളുടെയും തനത് ഫണ്ട് ചെലവുകളുടെയും വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. മെഡി.ഓഫീസർമാർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ക്ഷീരവികസന ഓഫീസർ തുടങ്ങിയ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ എല്ലാം നടപ്പാക്കിയിട്ടുണ്ട്. എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ഫയലുകളുടെ സൂക്ഷിപ്പിൽ കാര്യക്ഷമത പുലർത്തുകയുണ്ടായി .

വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായി വിനിയോഗിക്കാനും സർക്കാർ ഗ്രാന്റുകളിൽ മികച്ച ചെലവു പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടില്ല. സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ പല മരാമത്ത് പ്രോജക്ടുകളും നടപ്പാക്കിയില്ല. നടപ്പിലാക്കിയ പല പ്രോജക്ടുകളുടെയും ബില്ലുകൾ യഥാസമയം മാറാൻ സാധിക്കാതെ ക്യൂ വിലായതിനാൽ സംരക്ഷണഗ്രാന്റ് റോഡ് ഇനത്തിൽ തുക ലാപ്സായിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കൃത്യമായ മോണിറ്ററിംഗ് ഉണ്ടായിരുന്നില്ല.

ആഭ്യന്തരനിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/22 | 2022-23 | 19.09.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2016 | 2011-12 മുതൽ 2015-16വരെ | എൽ.ബി.(എച്ച്.ക്യൂ) 118A-2435/38 തീ 31.5.16 |

**1-11 വിവിധ തുകകൾ ക്രമീകരിക്കാതെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു**

വാർഷിക കണക്കിന്റെ **B9** ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന തുകകൾ സർക്കാരിലേക്ക് അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.12/23.08.2024) മറുപടിയായി തുകകൾ അടവാക്കി/ഈടാക്കി/ക്രമീകരിച്ച് വിശദാംശങ്ങൾ അറിയിയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| ഹെഡ് | ഇനം | തുക |
|---|---|---|
| 350200207 | Recoveries Payable - Goods And Services Tax - Tax Deducted At Source (CGST) | 50,112.00 |
| 350200208 | Recoveries Payable - Goods And Services Tax - Tax Deducted At Source (SGST) | 50,113.00 |
| 350300101 | Government And Other Dues Payable - Library Cess | 5,43,847.00 |
| 50300111 - | Government And Other Dues Payable Flood Cess | 2,519.00 |
| 350300112 | Government And Other Dues Payable -Value Of Court Fee Stamp | 4,740.00 |

**2) B9** ഷെഡ്യൂൾ 350800101 ഹെഡിൽ Stale Cheque ഇനത്തിൽ 40,274/- രൂപ നാളിതുവരെ ക്രമീകരിക്കാതെ സൂക്ഷിച്ചിട്ടുണ്ട്. ആയതിന്റെ കാലപ്പഴക്കം കണക്കാക്കി തനത് ഫണ്ടിലേക്ക് ക്രമീകരിച്ച് വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3) വാർഷിക കണക്കിന്റെ **B18** ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കാനുള്ള തുക 5000/-രൂപ തിരിക ഈടാക്കി വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ തുകകൾ അടവാക്കി/ഈടാക്കി /ക്രമീകരിച്ച് വിശദാംശങ്ങൾ അറിയിയേക്കണ്ടതാണ്.

**1-12 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല**

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി 20/06/2023 ലെ 2(2) തീരുമാനപ്രകാരം നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചു. വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ നിരക്കുകൾ പരിഷ്കരിച്ച് 19.08.23 ലെ 2(1) തീരുമാനപ്രകാരം അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

ഗ്രാമ പഞ്ചായത്തിന്റെ 2023-24 ലെ സപ്ലിമെന്ററി അസ്സസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്കും പരിഷ്കരിക്കാത്ത നികുതി നിരക്കിന്റെ 5% അധികരിച്ച നിരക്കാണ് നിർണ്ണയിച്ചിട്ടുള്ളത് എന്നാണ് വ്യക്തമാകുന്നത്. ഏതാനും ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങൾക്ക് ചുമത്തിയ നികുതി നിരക്കിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിർണ്ണയിക്കപ്പെട്ട നികുതി നിരക്ക്(രൂപ) | പുതുക്കിയ നിരക്ക് പ്രകാരം നിർണ്ണയിക്കേണ്ട നികുതി നിരക്ക്(രൂപ) | വ്യത്യാസം(രൂപ) ചതുരശ്ര മീറ്ററിന് |
|---|---|---|---|
| പാർപ്പിടാവശ്യം (300 ച.മീ. വരെയുള്ളവ) | 6.3 | 7 | 0.7 |
| പാർപ്പിടാവശ്യം (300 ച.മീറ്ററിന് മുകളിലുള്ളവ) | 6.3 | 8 | 1.7 |
| വാണിജ്യാവശ്യം-മാളുകൾ | 84 | 90 | 6 |
| ഇതര വ്യവസായങ്ങൾ -ക്കാവശ്യമുള്ളവ | 52.5 | 55 | 2.5 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ | 42 | 45 | 3 |
| ഷോപ്പിംഗ് മാളുകൾ | 84 | 90 | 6 |
| മൊബൈൽ ടവർ | 525 | 550 | 25 |

ഇപ്രകാരം പഴയ നിരക്കിൽ നികുതി ചുമത്തിയതിനാൽ നികുതിയിൽ കുറവുണ്ടായ ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം., കെട്ടിട ഉടമ | ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി നിരക്ക് (ച.മീ.) | നിർണ്ണയി ക്കേണ്ടിയിരുന്ന നികുതി നിരക്ക് (ച.മീ.) |
|---|---|---|---|---|---|
| 1 | 1/40 C സുധ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 117.21 | 52.5 | 55 |
| 2 | 1/338 H, ഷൈനിമോൾ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ | 58.06 | 42 | 45 |
| 3 | 2/407 B, എൻ.സി.അജി | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 294.6 | 6.3 | 7 |
| 4 | 3/5 F, ടവർവിഷൻ | മൊബൈൽ ടവർ | 17.52 | 525 | 550 |
| 5 | 6/453 C, ഗ്രേസി എബ്രഹാം | വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 377.43 | 63 | 70 |
| 6 | 7/498 B, ജോൺ കെ ജോൺ | ഷോപ്പിംഗ് മാളുകൾ | 385.39 | 84 | 90 |
| 7 | 8/235 A, മാനേജർ, അസൻഡ് ടെലികോം | മൊബൈൽ ടവർ | 21 | 525 | 550 |
| 8 | 9/4 C, പ്രിൻസ് മാത്യു | വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 262.86 | 63 | 70 |
| 9 | 9/525 B, സുജീഷ് മോൻ ഇ.എസ്. | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന | 704.52 | 6.3 | 8 |

| | | | | | |
|---|---|---|---|---|---|
| | | പാർപ്പിടങ്ങൾ ,<br>ഹോം സ്റ്റേ,<br>(വിനോദ സഞ്ചാരി<br>കൾക്ക് വാടകയ്ക്ക് നൽകുന്നത്)<br>300 ച.മീ. ൽ മുകളിലുള്ളവ | | | |
| 10 | 10/91 D,E,F,<br>അമൃത<br>വിദ്യാധരൻ | സ്വകാര്യാവശ്യതിനുള്ള<br>ഓഫീസ് കെട്ടിടം | 81.81 | 42 | 50 |
| 11 | 14/516 C,D,<br>ദിലീപ്<br>കുര്യൻ | വാണിജ്യാവശ്യം- 500 ച.മീ<br>മുകളിൽ | 528.16 | 63 | 80 |
| 12 | 16/40 C,<br>ജൂലിയറ്റ്<br>അലക്സ്, | ഷോപ്പിംഗ് മാളുകൾ | 376.85 | 84 | 90 |
| 13 | 16/40 D,<br>അലക്സ്<br>കുര്യൻ | ഷോപ്പിംഗ് മാളുകൾ | 376.85 | 84 | 90 |

ഇപ്രകാരം പഴയ നികുതി നിരക്കിൽ (പഴയനിരക്കിന്റെ 5% മാത്രം വർധനവിൽ) 01/04/2023 നു ശേഷം നികുതി നിർണ്ണയിച്ചതിനാൽ മേൽ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ കുറവുണ്ടാകുന്നതായി കാണുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/26.8.24) മറുപടി ലഭ്യമായില്ല. നികുതി പരിഷ്കരണത്തിൽ അപാകത സംഭവിച്ചിട്ടുള്ള മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെയും മറ്റ് സമാന കെട്ടിടങ്ങളുടെയും നികുതി പുനർനിർണയിച്ച് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 വസ്തുനികുതി പരിഷ്കരണം- നടപടികളിലെ അപാകതകൾ**

സ.ഉ.(അച്ചടി) നം.25/2023/LSGD/5.4.23 നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി 20/06/2023 ലെ 2(2) തീരുമാനത്തിൽ നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചിരുന്നു. പരിഷ്കരിച്ച നിരക്കുകൾ റോഡ്, മേഖല തരം തിരക്കലുകൾ എന്നിവക്കനുസരിച്ച് 19.08.23 ലെ 2(1) തീരുമാനപ്രകാരം അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട ഏതാനും അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെലി കമ്മ്യൂണിക്കേഷൻ പോൾ (ഓരോന്നിന്) അന്തിമ വിജ്ഞാപന പ്രകാരം 500 രൂപ നിരക്കാണ് നിശ്ചയിച്ചിട്ടുള്ളതെങ്കിലും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് 550 എന്നാണ്.

2. സഞ്ചയ-റോഡ് മാസ്റ്ററിൽ ആകെ 40 റോഡുകളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. പുതിയ വിജ്ഞാപന പ്രകാരവും പഞ്ചായത്ത് പ്രദേശത്തെ എല്ലാ റോഡുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി റോഡ് മാസ്റ്റർ കാലികമാക്കിയിട്ടില്ലെന്ന് കാണുന്നു.

3. വസ്തുനികുതി നിരക്കുകളോടൊപ്പം വഴിയുടെ തരം തിരിവ് കണക്കാക്കി വിജ്ഞാപനം പുറപ്പെടുവിച്ചതിൽ അപാകതകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് കാണുന്നു. ഉദാഹരണമായി വിജ്ഞാപന പ്രകാരം തങ്കപ്പൻമാടം ഇറങ്ങാൽ പൂവക്കുന്ന് റോഡ് 1.5 മീറ്ററോ അതിന് മുകളിലോ വീതിയുള്ള റോഡുകളായാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും ആസ്തി രജിസ്റ്റർ പ്രകാരം അത് 6 മീറ്റർ വീതിയുള്ള റോഡാണ്.

ഓഡിറ്റ് വർഷം നികുതി നിർണ്ണയം നടത്തിയ 18/99 A,B,C,D,E,F,G,H , 18/51 A എന്നീ കെട്ടിടങ്ങൾ മേൽ പരാമർശിച്ച റോഡിൽ നിന്നും വഴിയുള്ളതാണെങ്കിലും വഴിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയിട്ടില്ലെന്ന് കാണുന്നു.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/27.8.24) മറുപടി ലഭ്യമായില്ല. വസ്തുനികുതി നിരക്കിൽ റോഡ് തരം തിരിവുകൾ എന്നിവയുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-14 ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ കെട്ടിടത്തിന് -വസ്തുനികുതി, സേവന ഉപനികുതി ഒഴിവാക്കി**

പഞ്ചായത്തിലെ 2023-24 വർഷത്തെ വസ്തുനികുതി സപ്ലിമെന്ററി അസസ്മെന്റ് പ്രകാരം പ്രസിഡന്റ്, ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ എന്ന പേരിൽ 7/400 E കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. 389.68 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നിലവിലെ ഉപയോഗക്രമത്തിൽ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന് രേഖപ്പെടുത്തി നികുതി ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 പ്രകാരമുള്ള ഒഴിവാക്കൽ പട്ടികയിൽ ഉൾപ്പെടാത്ത കെട്ടിടത്തിന് വസ്തുനികുതി, ഉപനികുതി എന്നിവ

ഒഴിവാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (30/26.8.24) ഗവ.ഉടമസ്ഥതയിലുള്ള കെട്ടിടം എന്ന തരത്തിലാണ് വസ്തുനികുതി, സേവന ഉപനികുതി എന്നിവ ഒഴിവാക്കിയതെന്നും ഓഡിറ്റ് നിർദ്ദേശമനുസരിച്ച് ഉടമയ്ക്ക് കത്തുനല്കി നികുതിചുമത്തി ഡിമാന്റ് നോട്ടീസ് നല്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. വസ്തുനികുതി നിർണ്ണയം സംബന്ധിച്ച അപാകത നിയമാനുസൃതം പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ- നികുതി നിർണ്ണയിച്ചില്ല

സ.ഉ.(അച്ചടി) നം.25/2023/LSGD/5.4.23 വസ്തുനികുതി പരിഷ്കരണ ഉത്തരവ് പ്രകാരം സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/ വാണിജ്യ സ്വഭാവത്തോട് കൂടിയവ എന്ന ഉപയോഗക്രമത്തിന് കുറഞ്ഞത് 25 കൂടിയത് 45 എന്ന് നിരക്ക് നിശ്ചയിച്ചിട്ടുള്ളതും പഞ്ചായത്ത് ഈ ഉപയോഗക്രമത്തിലുള്ളവയ്ക്ക് 30 രൂപ ച.മീറ്ററിന് നിരക്ക് നിശ്ചയിക്കുകയും ചെയ്ത് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. സഞ്ചയ പ്രകാരം പ്രസ്തുത ഉപയോഗക്രമത്തിൽപ്പെട്ട നിർമ്മിതികൾക്കൊന്നും പഞ്ചായത്ത് നികുതി നിർണ്ണയിച്ചിട്ടില്ല. പഞ്ചായത്തിൽ നിലവിൽ ഈ ഉപയോഗക്രമത്തിൽ പ്രവർത്തിച്ചു വരുന്ന Mcf Arena സ്പോർട്സ് കോംപ്ലക്സ്, Mcf Arena ഫുഡ്ബോൾ ടർഫ്, Atleto ടർഫ്, Bethel സ്വിമ്മിംഗ് സെന്റർ എന്നിവയ്ക്ക് നികുതി നിർണ്ണയിച്ചിട്ടില്ലെന്നു കാണുന്നു. നികുതി നിർണയിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/26.8.24) മറുപടി ലഭ്യമായില്ല. ഫീൽഡ് പരിശോധനയിലൂടെ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളും സമാനമായ മറ്റ് സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിലുണ്ടെങ്കിൽ ആയവയും പരിശോധിച്ച് നികുതി നിർണ്ണയം നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 11/491 C | എ.റ്റി.മാത്യു | കോട്ടയം- കറുകച്ചാൽ | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | 11/487 A18 | സുരേഷ് ജോൺ | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 12/53 B | രാജു കെ.സി. | മക്രോണി- ആനത്താനം | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 12/33 A | പ്രിയൻ റ്റി.ജെ. | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (36/27.8.24) മറുപടിയിൽ സഞ്ചയ സോഫ്റ്റ് വേറിൽ റോഡിന്റെ വീതി രേഖപ്പെടുത്തിയത് സംബന്ധിച്ച് പ്ലാനും അനുബന്ധരേഖകളും പരിശോധിച്ചും ഫീൽഡ്തല പരിശോധന നടത്തിയും 11/491-സി, 12/33-എ എന്നീ നമ്പർ കെട്ടിടങ്ങളുടെ

നികുതിനിർണ്ണയത്തിലെ അപാകത പരിഹരിച്ച് പുനർനിർണ്ണയിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.
മറ്റു സമാന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടം പാർപ്പിടാവശ്യമെന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചു

പഞ്ചായത്തിന്റെ 2023-24 സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധനയിൽ ശ്രീ കെ.വി.ജേക്കബ് എന്ന വ്യക്തിയുടെ പേരിലുള്ള വാണിജ്യാവശ്യം എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെട്ട 6/270 B, C എന്ന് നമ്പർ നല്കിയ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതായി കണ്ടു. കെട്ടിടത്തിന്റെ പ്ലാനിൽ കെട്ടിടത്തിന് സമീപം 96.67 ച.മീറ്റർ വിസ്തീർണ്ണമുള്ള 6/270 A എന്ന വാണിജ്യ കെട്ടിടം നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ പരിശോധനയിൽ പ്രസ്തുത കെട്ടിടം പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് കാണുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/27.8.24) മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 മേൽക്കൂരയുടെ തരം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

പഞ്ചായത്തിന്റെ 2023-24 സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധനയിൽ ശ്രീ ലൂക്ക് തോമസ് എന്ന വ്യക്തിയുടെ പേരിലുള്ള വാണിജ്യാവശ്യം എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി 4/262 A, B എന്നീ നമ്പരുകൾ നൽകിയിട്ടുള്ള 43.43 ച.മീ. വീതം വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതായി കണ്ടു. രണ്ട് മുറികൾക്കും കുറഞ്ഞ തരം മേൽക്കൂര എന്ന് രേഖപ്പെടുത്തി 10 % നികുതിയിളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ പ്ലാൻ പ്രകാരവും കെട്ടിട ഉടമ സമർപ്പിച്ച ഫാറം 2 റിട്ടേൺ പ്രകാരവും മേൽക്കൂരയുടെ തരം കോൺക്രീറ്റ് എന്നാണുള്ളത്. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/27.8.24) നല്കിയ മറുപടിയിൽ പ്ലാനും അനുബന്ധരേഖകളും പരിശോധിച്ചും ഫീൽഡ് തല പരിശോധന നടത്തിയും നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 വസ്തുനികുതി പരിഷ്കരണം- നടപടികൾ പൂർത്തിയായില്ല.

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണത്തോടൊപ്പം നിലവിൽ പഞ്ചായത്തിലുള്ള കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനായി ആവശ്യമായ ഫീൽഡ് പരിശോധനയിലൂടെ വിവരം ശേഖരിക്കുന്നതിനും 30.6.2023 ന് മുമ്പായി പൂർത്തിയാക്കുന്നതിനും നിർദേശിച്ചിരുന്നു. വിവരശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി യോഗ്യതയുള്ളവരെ നിയമിക്കേണ്ടതാണെന്നും വിവരശേഖരണം ഏത് വിധത്തിൽ ലഭ്യമാക്കിയാലും സോഫ്റ്റ്‌വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10 ശതമാനത്തിൽ കുറയാത്ത എണ്ണം കെട്ടിടങ്ങളുടെ വിവരം സെക്രട്ടറിമാർ ചുമതലപ്പെടുത്തുന്ന ഉദ്യാഗസ്ഥർ നേരിട്ട് പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാനുള്ള നിർദേശവും നൽകിയിട്ടുള്ളതാണ്. വിവരശേഖരണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും 10 ശതമാനം കെട്ടിടങ്ങളുടെ മേൽ പരിശോധന നടത്തി വിവരശേഖരണത്തിന്റെ കൃത്യത ഉറപ്പാക്കിയത് സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (31/26.8.24) മറുപടിയിൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച യോഗ്യതയുള്ളവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ വസ്തുനികുതിപരിഷ്കരണം തടസ്സപ്പെട്ടിരിക്കുന്നതായും തുടർ നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് വസ്തുനികുതി പരിഷ്കരണനടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരശേഖരണവും മേൽപരിശോധനയും പൂർണ്ണമാക്കി വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ 2023-24 ലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി

കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എസ് ബി ഐ വടവാതൂർ | 1&2 |
| 2 | എസ് ബി ഐ മാങ്ങാനം | 1&2 |
| 3 | എസ് ബി ഐ ഫണ്ട്സ് മാനേജ്മെന്റ് | 1&2 |
| 4 | തിരുവഞ്ചൂർ കോ ഓപ്പറേറ്റീവ് ബാങ്ക് | 1&2 |
| 5 | കേരള സിവിൽ സപ്ലൈസ് കോപ്പറേഷൻ | 1&2 |
| 6 | ബി & സി ടെക്നോളജീസ് | 1&2 |

സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് 15 സ്ഥാപനങ്ങളുടെ ലിസ്റ്റ് ഉൾപ്പെടുത്തി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (40/27.8.24)ലഭ്യമാക്കിയ മറുപടിയിൽ 9 സ്ഥാപനങ്ങളുടെ നികുതി ഈടാക്കിയതായും ബാക്കിയുള്ള മേൽചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് 2024-25 ഒന്നാം അർധവർഷ നികുതിക്കൊപ്പം കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ നല്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.തുക ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.
നഗര സ്വഭാവമുള്ള പഞ്ചായത്തിൽ വിവിധ തരത്തിലുള്ള ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കൃത്യമായ സ്ഥാപന ലിസ്റ്റ് സൂക്ഷിക്കുകയോ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്യുന്നില്ല. ഇത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനിടയാക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-21 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല**

ഗ്രാമപഞ്ചായത്തിന്റെ 2023-24 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | 2023-24 അർദ്ധവർഷം |
|---|---|---|
| 1 | തിരുവഞ്ചൂർ കോ ഓപ്പറേറ്റീവ് ബാങ്ക് | II |
| 2 | ദേവസ്വം ബോർഡ് വടവാതൂർ, പെരിങ്ങല്ലൂർ, താഴത്തിടം | II |
| 3 | മോർ കോട്ടയം | II |
| 4 | മോർ കളത്തിപ്പടി | II |
| 5 | ജി സ്ക്വയർ മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 6 | കോട്ടയം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ ടെക്നോളജി | II |
| 7 | അക്യുഫിറ്റ് ഡെന്റൽ ലാബ് | II |
| 8 | സെവൻത് ഡേ ഐസിഎസ്ഇ ഹൈസ്കൂൾ വടവാതൂർ | I &II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/27.8.24) മറുപടി ലഭിച്ചില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടു വരുന്നവർ അടവാക്കേണ്ട തൊഴിൽ നികുതി ബന്ധപ്പെട്ടവരിൽ നിന്നും കൃത്യമായിതന്നെ ഈടാക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-22 ഒപ്റ്റിക്കൽ ഫൈബർ കേബിൾ പോളുകളുടെ വാടക - വാർഷിക വർദ്ധനവ് വരുത്തി ഈടാക്കിയില്ല**

വിജയപുരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ **2021-22** സാമ്പത്തിക വർഷം **461** ഒ.എഫ്.സി പോളുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതിന്റെയും (ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം **455** പോളുകൾ+ ടെലി സോണിക് നെറ്റ് വർക്ക് എന്ന സ്ഥാപനം **6** പോളുകൾ) അവയുടെ വാർഷിക വാടകയിനത്തിൽ **165960** രൂപ(ഒ.എഫ്.സി പോൾ ഒന്നിന് **360** രൂപ നിരക്കിൽ) ഐ.എൽ.ജി.എം.എസിൽ ഒടുക്കിയതിന്റെയും വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒപ്റ്റിക് ഫൈബർ കേബിൾ പോളുകൾ സ്ഥാപിക്കൽ, വാടക നിശ്ചയിക്കൽ എന്നിവ സംബന്ധിച്ച പബ്ലിക് വർക് ഡിപ്പാർട്ട്മെന്റിന്റെ **23.01.2020** തീയതിയിലെ ജി.ഓ **(**ആർ.ടി**)** നം**. 89/2020/PWD** നമ്പർ ഉത്തരവ് പ്രകാരം സ്ഥാപിക്കപ്പെട്ട ഒ.എഫ്.സി പോളുകളുടെ ആദ്യ വർഷത്തെ വാടക പോൾ ഒന്നിന് **360** രൂപ നിരക്കിലാണെങ്കിലും തുടർന്നുള്ള വർഷങ്ങളിലെ വാടകയിൽ **5%** വീതം വർദ്ധനവ് വരുത്തേണ്ടതാണ്. ആയതിനാൽ വാടക **2022-23** വർഷം **378** രൂപയായും **2023-24** സാമ്പത്തിക വർഷം ഒപ്റ്റിക് ഫൈബർ കേബിൾ പോളുകളുടെ വാടക **396** രൂപയായും പുതുക്കി നിശ്ചയിക്കേണ്ടതും ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് **2023-24** വർഷം **1,80,180**രൂപയും **(455*396= 1,80,180)** ടെലി സോണിക് നെറ്റ് വർക്കിൽ നിന്ന് **2268** രൂപയും **(6*396= 2376)** ഒ.എഫ്.സി പോളുകളുടെ വാർഷിക വാടകയിനത്തിൽ ഈടാക്കേണ്ടതുമായിരുന്നുവെങ്കിലും ആയതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ഒപ്റ്റിക് ഫൈബർ കേബിൾ പോളുകളുടെ വാടകയിനത്തിൽ **1,82,556** രൂപ **(180180+2376= 182556)**നഷ്ടം സംഭവിച്ചതായി കാണുന്നു. കൂടാതെ പ്രസ്തുത വാടക സംബന്ധിച്ച് പരാമർശിത സ്ഥാപനങ്ങളുമായി കരാർ ചമച്ചതായി കാണുന്നില്ല. മാത്രമല്ല ടി വാടക ഡിമാന്റ് ചെയ്യുകയോ ഇതു സംബന്ധിച്ച് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പരാമർശിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 15/23.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഒപ്റ്റിക്കൽ ഫൈബർ കേബിൾ പോളുകളുടെ വാടക ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിയ്ക്കേണ്ടതാണ്.

**1-23 വാടക കുടിശ്ശിക - ഈടാക്കിയില്ല**

വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ **2023-24** വർഷം വിജയപുരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ **4-**ാം നമ്പർ മുറിയ്ക്ക് **61620/-** രൂപ വാടക കുടിശ്ശിക നിലനിൽക്കുന്നു എന്ന് കാണുന്നു . വിശദാംശംങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് / റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | അനിൽ.പി.ഗോപി കണ്ണങ്കര തകിടിയേൽ വടവാതൂർ | 04 | 5154 | 04/2023 - 03/2024 |

വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/23.08.2024) മറുപടി ലഭ്യമാക്കിയില്ല. മതിയായ നടപടികൾ പൂർത്തീകരിച്ച് കുടിശ്ശിക വാടക+18% GST+ പിഴപ്പലിശ സഹിതം തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-24 അസി.സെക്രട്ടറി, ശ്രീ. വിനു മാത്യൂസ് ന് ഇൻക്രിമെന്റ് കുടിശിക അനുവദിച്ചത് ക്രമപ്രകാരമല്ല.**

ശ്രീ. വിനു മാത്യൂസ് , അസി.സെക്രട്ടറിക്ക് ചുവടെ ചേർക്കും പ്രകാരം തൻവർഷം ഇൻക്രിമെന്റ് അരിയർ അനുവദിച്ചിട്ടുണ്ട്.

| ചെക്ക് / വൗച്ചർ നമ്പർ,തീയതി | അരിയർ കാലയളവ് | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 409077/3.6.23 | 9.1.15 മുതൽ 3.6.23 വരെ ഇൻക്രിമെന്റ് അരിയർ | 274118/- |
| 22300778/27.11.23 | 1.5.23 മുതൽ 1.9.23 വരെയുള്ള ഇൻക്രിമെന്റ് അരിയർ | 13986/- |
| | ആകെ | 288104/- |

ശ്രീ. വിനുമാത്യുസിന് 25.4.2013 ന് അസി.സെക്രട്ടറിയായി പ്രൊമോഷൻ ലഭിച്ചിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 25.3.2022 ലെ PAN/361/2022- E7 (DP) നമ്പർ കത്ത് പ്രകാരം ജീവനക്കാരനെതിരെ അച്ചടക്ക/ വിജിലൻസ് നടപടികൾ തീർപ്പാക്കാനുള്ളതിനാൽ അസി.സെക്രട്ടറി തസ്തികയിൽ നാളിതുവരെ പ്രൊബേഷൻ ഡിക്ളയർ ചെയ്തിട്ടില്ലാത്തതാണ്. പ്രൊബേഷൻ ഡിക്ളയർ ചെയ്യാത്ത ജീവനക്കാരന് പ്രതിവർഷം ശമ്പളവർദ്ധനവ് അനുവദിച്ച് ഇൻക്രിമെന്റു് അരിയർ നൽകിയത് ക്രമപ്രകാരമല്ല. മേൽ സൂചിത പട്ടികപ്രകാരം 1.5.23 മുതൽ 3.6.23 വരെയുള്ള കാലയളവിൽ രണ്ട് പ്രാവശ്യം ഇൻക്രിമെന്റ് അരിയർ നൽകിയതായി കാണുന്നു. ആയതിന്റെ ഡ്യൂ ഡ്രോൺ പത്രികകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. സേവനപുസ്തകത്തിൽ അച്ചടക്ക നടപടികളുടെയും വിജിലൻസ് കേസുകളുടെയും വിവരങ്ങൾ മറച്ച് വെച്ചാണ് ടിയാൻ 1.7.14 മുതലുള്ള ശമ്പള നിർണ്ണയങ്ങൾക്ക് അംഗീകാരം വാങ്ങിയത്. അതിനാൽ 3.4.24 ലെ കെ.എസ്.എ കെടിഎം പി19 / 527/2024 നമ്പർ കത്ത് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ടിയാന്റെ 1.7.2014 മുതലുള്ള ശമ്പളനിർണ്ണയങ്ങൾ റദ്ദ് ചെയ്തിട്ടുമുണ്ട്.

അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/24.8.24) മറുപടി ലഭ്യമായില്ല. ആയതിനാൽ 288104/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ജീവനക്കാരന്റെ പ്രൊബേഷൻ ഡിക്ളയർ ചെയ്തതിന് ശേഷവും അച്ചടക്ക നടപടികളുടെയും വിജിലൻസ് കേസുകളുടെയും തീർപ്പാകലിനുശേഷവും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-25 മഴക്കാലപൂർവ്വ ശുചീകരണം - അപാകതകൾ.**

മഴക്കാലപൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ 19 വാർഡുകളിലുമായി 35000/- രൂപ വീതം ആകെ 6,65,000/- രൂപ ചുവടെ ചേർക്കും പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്

| ചെക്ക് നമ്പർ, തീയതി | തുക |
|---|---|
| 22389,90,91,92,95/ 25.5.23 | 175000/- |
| 22403- 405/ 31.5.23 | 105000/- |
| 23406 – 411/1.6.23 | 210000/- |
| 23415, 416, 417, 419, 420/07.06.2023 | 175000/- |
| ആകെ | 665000/- രൂപ |

1) തദ്ദേശസ്വയംഭരണവകുപ്പിന്റെ 8.3.23 ലെ WM3 38/23 നമ്പർ സർക്കുലറിൽ ആരോഗ്യജാഗ്രതയുമായി ബന്ധപ്പെട്ട് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിൽ പാലിക്കേണ്ട പൊതുനിർദ്ദേശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 17 പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു വാർഡിൽ ചെലവഴിക്കാവുന്ന പരമാവധി തുക 30000/- രൂപയാണ് (ശുചിത്വമിഷൻ വിഹിതം 10000/-, എൻ.എച്ച്.എം വിഹിതം 10000/-, തനത് ഫണ്ട് വിഹിതം 10000/-). എന്നാൽ 35000/- രൂപ വീതം നിലവിൽ ഒരു വാർഡിൽ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 16.3.24 ലെ WM3 66/24 നമ്പർ സർക്കുലറിൽ ഹോട്ട് സ്പോട്ടുകളിൽ അധികമായി 10000/- രൂപവരെ അധികം ചെലവഴിക്കാം എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ടി ഉത്തരവ് ഇറങ്ങുന്നതിന് മുമ്പ് ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഒരു വാർഡിൽ 30000/- രൂപയിൽ അധികം ചെലവഴിച്ചത് ക്രമപ്രകാരമല്ല.

2) എൻ.എച്ച്.എം വിഹിതം ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമായില്ല.

3) വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച തുക വാർഡ് തല ആരോഗ്യ- ശുചിത്വ – പോഷണ സമിതി അക്കൗണ്ടിൽ വരവ് വന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

പദ്ധതി നടത്തിപ്പിലെ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/26.8.24) മറുപടി ലഭ്യമായില്ല. അതിനാൽ ടിയിനത്തിൽ 665000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അധികമായി ചെലവഴിച്ച 95000/- രൂപയ്ക്ക് (19 X 5000) വ്യക്തമായ വിശദീകരണം ലഭ്യമാക്കാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-26 പരാതിയുടെ അടിസ്ഥാനത്തിലുള്ള മരം മുറിക്കൽ - തുക ഈടാക്കിയില്ല.**

സ്വകാര്യ വ്യക്തികളുടെ പുരയിടത്തിൽ അപകടകരമായി നിന്ന മരങ്ങൾ വെട്ടിമാറ്റാൻ ഉടമയോട് ആവശ്യപ്പെട്ടിട്ടും പരാതി പരിഹരിക്കാത്തതിനാൽ അയൽവാസികൾ ഗ്രാമപഞ്ചായത്തിൽ പരാതിബോധിപ്പിക്കുകയുണ്ടായി. ഉടമസ്ഥൻ മരം വെട്ടിമാറ്റാൻ തയ്യാറാകാത്തതിനാൽ ദുരന്തനിവാരണനിയമം വകുപ്പ് 30(2) (V) പ്രകാരവും കേരളപഞ്ചായത്ത് രാജ് നിയമവും ചട്ടവും ചട്ടം 238 (ബി) പ്രകാരവും പഞ്ചായത്തിന്റെ ചെലവിൽ മരം മുറിച്ച് മാറ്റുകയും ആയതിന് ചുവടെ ചേർക്കും പ്രകാരം വിവിധ വൗച്ചറുകൾ പ്രകാരം തുക ചെലവഴിക്കുകയും ചെയ്തു.

| പരാതിക്കാർ | ഉടമ, വാർഡ് | പഞ്ചായത്ത് ചെലവഴിച്ച വെട്ട് കൂലി | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|
| അമ്മിണി എൻ.കെ ഗൗരി നിവാസ്, ഗോപകുമാർ വൈശാഖം | രാധാമണി പാഞ്ചേരിൽ വാർഡ് 3 | 4000/- | 22301347/16.2.24 |
| രാജേഷ് വി.ജി പാഞ്ചേരിൽ | രാധാമണി പാഞ്ചേരിൽ വാർഡ് 3 | 4000/- | 22301242/1.3.24 |
| | ആകെ | 8000/- | |

ഉടമസ്ഥനിൽ നിന്നും ചെലവ് തുക ഈടാക്കിയെങ്കിൽ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/24.8.24) റവന്യു റിക്കവറി നടപടികളിലൂടെ തുക ഈടാക്കുമെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കിയ ശേഷം വിവരം അറിയിക്കേണ്ടതാണ്.

**1-27 പഞ്ചായത്തിലേക്ക് ആംബുലൻസ് വാങ്ങൽ - അപാകതകൾ.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 220/24 |
| അടങ്കൽ തുക, ഫണ്ടിനം | 2000000/- (തനത് ഫണ്ട്) |
| ചെലവ് തുക | 12,77000/- |
| വൗച്ചർ നമ്പർ, തീയതി | 22301302, 03/13.3.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾക്കുൾപ്പെടെ നിലവിലുള്ള ചെറിയ ഓമ്നി ആംബുലൻസായിരുന്നു ഉപയോഗിച്ചുവന്നിരുന്നത്. തനത് ഫണ്ടിൽ നിന്നും 1000000/- രൂപ മുടക്കി മറ്റൊരു ആംബുലൻസ് വാങ്ങാൻ അനുവാദം തേടി ഗ്രാമപഞ്ചായത്ത് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മറ്റിയെ സമീപിച്ചു. കോഓർഡിനേഷൻ കമ്മറ്റി 21.8.22 ലെ 4.52 നമ്പർ തീരുമാനപ്രകാരം തനത് ഫണ്ടിൽ നിന്നും 1000000/- രൂപ മുടക്കി മറ്റൊരു ആംബുലൻസ് വാങ്ങേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കാൻ ആവശ്യപ്പെട്ടു. നിലവിലുള്ള ആംബുലൻസിന്റെ പോരായ്മകളും നഗരസ്വഭാവമുള്ള പഞ്ചായത്തിൽ പുതിയ ആംബുലൻസ് വേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി ഗ്രാമപഞ്ചായത്ത് മറുപടി നൽകി. അതിന്റെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മറ്റി 9.1.23 ലെ 4.7 നമ്പർ തീരുമാനപ്രകാരം ആംബുലൻസിന്റെ ആവർത്തനച്ചെലവുകൾ എച്ച്.എം.സി നിർവ്വഹിക്കണം എന്ന നിർദ്ദേശത്തോടെ തനത് ഫണ്ടിൽ നിന്നും 1000000/- രൂപ മുടക്കി മറ്റൊരു ആംബുലൻസ് വാങ്ങാൻ അനുവാദം നൽകി. 16.12.23 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(2) നമ്പർ തീരുമാനപ്രകാരം 13 ലക്ഷം രൂപ തനത് ഫണ്ടും ബാക്കി വരുന്ന തുക ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ ഫണ്ടും വിനിയോഗിച്ച് 1706312/- രൂപ വിലവരുന്ന റ്റാറ്റാ മോട്ടോഴ്സ് ഡീസൽ ആംബുലൻസ് വാങ്ങാൻ തീരുമാനിക്കുകയും ജെമ്മിൽ നിന്നും പർച്ചേസ് ചെയ്യുകയും ചെയ്തു. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആംബുലൻസ് മെഡിക്കൽ ഓഫീസർ എഫ് .എച്ച്.സി പാറമ്പുഴയ്ക്ക് കൈമാറി കരാറിലേർപ്പെട്ടിട്ടില്ല.

2) ആംബുലൻസിന്റെ ലോഗ് ബുക്ക്, രസീത് പ്രകാരമുള്ള കളക്ഷൻ, കളക്ഷൻ തുകയുടെ എച്ച്.എം.സി ഫണ്ടിലേക്കുള്ള ഒടുക്ക് എന്നിവയുടെ രേഖകൾ ലഭ്യമായില്ല.

3) പഴയ ആംബുലൻസ് ലേലം ചെയ്തത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

4) ഫെഡറൽ ബാങ്കിൽ നിന്നും തുക ലഭിച്ചതിന്റെയും അത് റ്റാറ്റാ മോട്ടോഴ്സ്സിന് കൈമാറിയതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) 10 ലക്ഷം രൂപ അടങ്കലായുള്ള പർച്ചേസിനാണ് കോഓർഡിനേഷൻ കമ്മറ്റി അംഗീകാരം നൽകിയത്. എന്നാൽ തനത് ഫണ്ടിൽ നിന്നും 12,77,000/- രൂപ ചെലവഴിച്ചു.

അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 2/20.8.24) നൽകുകയുണ്ടായി. വാഹനം പർച്ചേസ് ചെയ്യുന്നതിന് മുമ്പ് എച്ച്.എം.സി ചേർന്ന് ആംബുലൻസിന്റെ ആവശ്യകത നിർണ്ണയിക്കുകയും പരിപാലനം സംബന്ധിച്ച് ഉറപ്പ് നൽകിയിരുന്നതുമാണെന്നാണ് ലഭ്യമാക്കിയ മറുപടി. എന്നാൽ ആംബുലൻസിന്റെ ബൈലോ തയ്യാറാക്കിയ ശേഷം കരാർ വ്യവസ്ഥകൾ എഴുതി തുടർ പരിപാലനത്തിനായി മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി പാറമ്പുഴയ്ക്ക് നൽകിയെങ്കിലും കരാറിലേർപ്പെടാനും വാഹനം കൈപ്പറ്റാനും മെഡിക്കൽ ഓഫീസർ തയ്യാറായില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം 13 ലക്ഷം രൂപ വരെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതിനാലാണ് അത്രയും തുക ചെലവഴിച്ചതെന്നും ബാക്കി തുക ഫെഡറൽ ബാങ്ക് റ്റാറ്റാ മോട്ടോഴ്സ്സിന് കൈമാറിയിട്ടുണ്ടെന്നും പഴയ ആംബുലൻസ് നിലവിലും ഉപയോഗിക്കുന്നുണ്ട് എന്നും മറുപടി ലഭ്യമാക്കി.

ആംബുലൻസിന്റെ ലോഗ് ബുക്ക്, രസീത് പ്രകാരമുള്ള കളക്ഷൻ എന്നിവ പരിശോധിച്ചു. രസീത് പ്രകാരം നാളിതുവരെ (22.8.24 വരെ) 17200/- രൂപ കളക്റ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് അടവ് വരുത്താതെ താൽക്കാലിക ഡ്രൈവറുടെ കൈവശമാണ് സൂക്ഷിച്ചിരിക്കുന്നത്. ആയത് ക്രമപ്രകാരമല്ല. 28.6.24, 4.7.24, 15.7.24, 5.8.24, 22.8.24 തീയതികളിൽ ആംബുലൻസ് ഓടിയിട്ടുണ്ടെങ്കിലും രസീത് പ്രകാരം കളക്ഷൻ വന്നതായി കാണുന്നില്ല. ഡീസൽ അടിക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. കസ്റ്റോഡിയൻ ഇല്ലാതെ ആംബുലൻസിന്റ പരിപാലനം സംബന്ധിച്ച് വ്യക്തതയില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. കളക്ഷൻ തുകകൾ കൃത്യമായി അടവാക്കേണ്ടതാണ്.
അപാകതകൾ പരിഹരിച്ച് തുടർപരിപാലനം, ആംബുലൻസിന്റെ കസ്റ്റഡി, ഡ്രൈവറുടെ വേതനം, ലോഗ് ബുക്കിന്റെ സൂക്ഷിപ്പ് , കളക്ഷൻ തുകയുടെ അടവ് എന്നിവയിൽ അടിയന്തിരമായി തീരുമാനം കൈകൊണ്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ തൻവർഷം ചെലവഴിച്ച 12,77000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**<u>1-28 വരൾച്ചാ ദുരിതാശ്വാസപ്രവർത്തനം - നിർദ്ദേശം പാലിച്ചില്ല.</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ | 217/24 |
| അടങ്കൽ തുക, ഫണ്ടിനം | 300000/- (തനത് ഫണ്ട്) |
| ചെലവ് തുക | 249775/- |
| ചെക്ക് നമ്പർ, തീയതി | 409075/2.6.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ വരൾച്ചബാധിത മേഖലകളിൽ കുടിവെള്ളം വിതരണം ചെയ്യുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം . ആയതിലേയ്ക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും 5000 ലിറ്ററിന്റെ ഒരു ട്രിപ്പിന് 2425/- രൂപ നിരക്ക് ക്വോട്ട് ചെയ്ത ഷെറിൻ റ്റി അലക്സിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. 103 ട്രിപ്പിന്റെ തുകയായി 249775/- രൂപ ചെലവഴിച്ചു. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 10.3.23 ലെ DDP- KTM/313/2023- G4 നമ്പർ കത്ത് പ്രകാരം ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിലാണ് കുടിവെള്ളം വിതരണം ചെയ്യേണ്ടത്. കുടിവെള്ളവിതരണത്തിന്റെ തുക നൽകുന്നതിന് മുമ്പ് ലോഗ് ബുക്കും ജി.പി.എസ് ലോഗും ക്രോസ് ചെക്ക് ചെയ്യേണ്ടതുമാണ്. എന്നാൽ ജി.പി.എസ് ലോഗ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/24.8.24) മറുപടി ലഭ്യമായില്ല. ആയതിനാൽ കുടിവെള്ളവിതരണത്തിനായി ചെലവഴിച്ച 249775/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**<u>1-29 ഹരിതമിത്രം ആപ്പ് - തുടർപ്രവർത്തന വിശദാംശങ്ങൾ ലഭ്യമായില്ല.</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ | 211/24 |
| അടങ്കൽ തുക, ഫണ്ടിനം | 250000/- (തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് തുക | 142900/- |
| വൗച്ചർ നമ്പർ, തീയതി | 22301031/25.1.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മാലിന്യസംസ്കരണപ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ ഹരിതമിത്രം ആപ്പ് വികസിപ്പിച്ച് ഹരിതകർമ്മസേനാംഗങ്ങൾക്കുൾപ്പെടെ പരിശീലനം നൽകുകയും വീടുകളിലും സ്ഥാപനങ്ങളിലും ക്യു ആർ കോഡ് പതിപ്പിക്കലുമായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. നിർവ്വഹണ ഏജൻസിയായി കെൽട്രോണിനെ തെരഞ്ഞെടുക്കുകയും 20.12.23 ൽ സെക്രട്ടറി, കെൽട്രോൺ, ശുചിത്വമിഷൻ എന്നിവരുൾപ്പെടുന്ന ത്രൈപാർട്ടി കരാറിലേർപ്പെടുകയും ചെയ്തു. പ്രോജക്ടിന്റെ നിർവ്വഹണ ഫീസ് , എസ്.എം.എസ് ചാർജ് ഇനങ്ങളിലായി 142900/- രൂപ തൻവർഷം കെൽട്രോണിന് നൽകുകയും ചെയ്തു. 50000/- രൂപ വിലയുള്ള ഒരു ലാപ് ടോപ്പ് വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് ബില്ലും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് തൻവർഷം ഉണ്ടായിട്ടില്ല. കരാർ വ്യവസ്ഥകൾ പ്രകാരം കരാറിലേർപ്പെട്ട് ആറ് മാസത്തിനുള്ളിൽ പരിശീലനമുൾപ്പെടെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് തുടർ വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

പരിശീലനം നൽകൽ, ക്യു ആർ കോഡ് പതിപ്പിക്കൽ , ആപ്പിന്റെ പ്രവർത്തനം എന്നിവ സംബന്ധിച്ച് നിലവിലെ അവസ്ഥ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 5/20.8.24) നൽകുകയുണ്ടായി.

ഹരിതകർമ്മസേനാംഗങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ മാലിന്യം തരംതിരിക്കൽ, വാതിൽപ്പടിസേവനം മെച്ചപ്പെടുത്തൽ എന്നീ ഇനങ്ങളിൽ നാളിതുവരെ 4 പരിശീലനങ്ങൾ നൽകിയതായും ക്യൂ ആർ കോഡ് പതിപ്പിക്കൽ 78% പൂർത്തിയാക്കിയിട്ടുണ്ടെന്നും എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. പ്രവൃത്തികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 കമ്മ്യൂണിറ്റി ഹാൾ നവീകരണം- വിവിധ നികുതി വിഹിതങ്ങൾ അടവാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 208/24 |
| അടങ്കൽ തുക, ഫണ്ടിനം | 830000/-<br>(തനത് ഫണ്ട്) |
| ചെലവ് | 812786/- |
| വൗച്ചർ നമ്പർ, തീയതി | 22301501/26.6.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ കമ്മ്യൂണിറ്റിഹാൾ മൂന്നാം നില നവീകരണം എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി 2020-21 വാർഷിക പദ്ധതിയിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ജില്ലാ നിർമ്മിതികേന്ദ്രം മുഖേന നിർവ്വഹിച്ച പ്രോജക്ട് പൂർത്തീകരിച്ച് സ്ഥാപനം 16,42,786/- രൂപയുടെ ബില്ല് മുൻവർഷം സമർപ്പിച്ചു. തൻവർഷം സ്പിൽ ഓവറായി പ്രോജക്ട് പ്രകാരം 812786/- രൂപ ജില്ലാ നിർമ്മിതികേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ബില്ല് ഫയലിൽ സൂക്ഷിക്കാത്തതിനാൽ നികുതിവിഹിതങ്ങൾ കിഴിക്കാതെയാണോ തുക കൈമാറിയതെന്ന് വ്യക്തമല്ല. തൻവർഷത്തെയും മുൻവർഷത്തെയും പേയ്മെന്റുകളുടെ വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 26/24.8.24) നൽകുകയുണ്ടായി. പ്രോജക്ടിന് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമായി.

| വർഷം | തീയതി | നൽകിയ തുക |
|---|---|---|
| 21-22 | 14.7.21 | 332000/- |
| 21-22 | 16.12.21 | 249000/- |
| 22-23 | 27.5.23 | 249000/- |
| 23-24 | 26.6.23 | 812786/- |
| | ആകെ | 16,42,786/- |

നികുതി വിഹിതങ്ങളൊന്നും കുറവ് ചെയ്യാതെയാണ് മേൽ തുകകൾ നിർമ്മിതികേന്ദ്രത്തിന് നൽകിയത്. 12.12.22 ലെ നോട്ട് ഫയലിൽ 2% IT, 1%WWF, 1% CGST, 1% SGST എന്നിവ കുറവ് ചെയ്യേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കുറവ് ചെയ്യാതെയാണ് ഫൈനൽ ബില്ല് നൽകിയിരിക്കുന്നത്. ആയതിനാൽ നികുതിയിനങ്ങളുടെ വിഹിതമായി ചുവടെ ചേർക്കും പ്രകാരം തുക നിർമ്മിതികേന്ദ്രത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| ആകെ വേലമൂല്യം | 16,42,786/- |
| (-) 1%WWF | 16428/- |
| 1% CGST | 16428/- |
| | |

| | |
|---|---|
| 1% SGST | 16428/- |
| 2% IT | 32856/- |
| ആകെ കുറവ് ചെയ്യേണ്ടത് | 82140/- |

മേൽ തുക നിർമ്മിതി കേന്ദ്രത്തിൽ നിന്നോ ഫൈനൽ ബില്ലിൽ വിവിധ നികുതി വിഹിതങ്ങൾ കുറവ് ചെയ്യാതെ തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നോ ഈടാക്കി നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ആയതിനാൽ 82140/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നികുതി വിഹിതങ്ങൾ ഈടാക്കി അടവാക്കാത്ത പക്ഷം ആയതു ഫൈനൽ ബിൽ അനുവദിച്ച സെക്രട്ടറിയുടെ ബാധ്യതയാക്കി നടപടികൾ സ്വീകരിക്കുന്നതാണ്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-31 വിവിധ പ്രോജക്റ്റുകൾ - ടെണ്ടർ ക്ഷണിക്കാതെ വാങ്ങലുകൾ നടത്തി.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ടെണ്ടർ ക്ഷണിക്കാതെ വാങ്ങലുകൾ നടത്തിയതായികാണുന്നു.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് ചെക്കുനമ്പർ/ തീയതി | വാങ്ങിയ സാധനങ്ങൾ | സ്ഥാപനം |
|---|---|---|---|---|
| 223/24 മീനന്തറയാർ ടൂറിസം വികസനപദ്ധതി ഫേസ് 2 | 500000/- തനത് ഫണ്ട് | 493412/- 660332/31.5.23 | Circular Swing, Two Seat Swing, Animal Shaped Waste Bin, Squre Table, Fencing, Cctv (4 Numbers) , HD DVR, 39 M Code | സിഡ്കോ |
| 221/24 കുന്നേൽമാർട്ട് ജംഗ്ഷൻ വാർഡ് 12 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 150000/- തനത് ഫണ്ട് | 147448/- 660332/31.5.23 | 4 X 100w LED Mini Mast Light | സിഡ്കോ |
| ആകെ | 650000/- | 640860/- | | |

മേൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കാനാണ് പ്രോജക്ട് ലഭ്യമിട്ടത്. എന്നാൽ പത്രത്തിലോ സൈറ്റിലോ പരസ്യം നൽകാതെ സിഡ്കോ , INKEL എന്നീ സ്ഥാപനങ്ങളിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി അതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയവർക്ക് കരാർ നൽകുകയാണ് ചെയ്തത് . ആയത് ക്രമപ്രകാരമല്ല.

2) ധനകാര്യവകുപ്പിന്റെ 2.9.22 ലെ ജി.ഒ (പി) നമ്പർ 104/2022 നമ്പർ ഉത്തരവ് പ്രകാരം സിഡ്കോ സ്ഥാപനങ്ങളെ വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടെ സിവിൽ കൺസ്ട്രക്ഷൻ വർക്കുകൾ പി.എം.സി യായി ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ LED Mini Mast Light, Cctv ഉൾപ്പെടെയുള്ള വർക്കുകൾ ചെയ്യാൻ അക്രഡിറ്റേഷനുള്ളതായി കാണുന്നില്ല.

3) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.6.28 ലെ ജി.ഒ (എം.എസ്) നമ്പർ 1696/2018 ഉത്തരവിൽ സിഡ്കോയുടെ ചെറുകിട യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സർക്കാർ സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും ഫർണ്ണീഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനും നോഡൽ ഏജൻസിയായി സിഡ്കോയെ നിശ്ചയിച്ചിട്ടുണ്ട്. മേൽ സൂചിത പർച്ചേസ് പ്രകാരം വാങ്ങിയ ഉൽപ്പന്നങ്ങൾ ഇപ്രകാരം സിഡ്കോ ഉൽപ്പാദിപ്പിക്കുന്നതാണോ എന്ന് വ്യക്തമല്ല.

4) മീനന്തറയാർ ടൂറിസം വികസനപദ്ധതിക്കായി വാങ്ങിയ സാധനങ്ങൾ സ്ഥാപിച്ചത് എവിടെയെന്നും അതിന്റെ പരിപാലന ചുമതല ആർക്കെന്നും വ്യക്തമല്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1/20.8.24) മറുപടി ലഭ്യമായില്ല. അതിനാൽ ടി പ്രോജക്ടുകൾക്കായി ചെലവഴിച്ച 640860/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-32 എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 222/24 മാലിന്യ സംസ്ക്കരണ തുമ്പൂർമൊഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ |
| അടങ്കൽ തുക, ഫണ്ടിനം | 687773/-<br>തനത് ഫണ്ട് |
| ചെലവ് | 341592/- |
| ചെക്ക് നമ്പർ, തീയതി | 5338090/13.6.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വാർഡ് 17 ലെ കൊല്ലകൊമ്പ്, ചെമ്പോല ഗ്രൗണ്ട്, വാർഡ് 15 ലെ കാരാണി എന്നീ സ്ഥലങ്ങളിൽ തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ച് മാലിന്യസംസ്കരണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 2021-22 വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്ത പ്രോജക്ടിന്റെ ആദ്യഘട്ടം തൻവർഷമാണ് നടപ്പാക്കിയത്. സോഷ്യോഎക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ നിർവ്വഹണ ഏജൻസിയായി തീരുമാനിക്കുകയും 995000/- രൂപ അടങ്കലായി സ്ഥാപനം എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ പള്ളം ബ്ളോക്ക് പഞ്ചായത്ത് 687773/- രൂപയ്ക്കാണ് പദ്ധതിക്ക് നിർവ്വഹണസാങ്കേതികാനുമതി നൽകിയത്. ലൈഫ് ഭവനപദ്ധതിയുടെ ഉദ്ഘാടനത്തിന് മുമ്പായി അടിയന്തിരപ്രാധാന്യം നൽകി വാർഡ് 17 ലെ ചെമ്പോല ഗ്രൗണ്ടിൽ 341592/- രൂപയ്ക്ക് 4 ബിൻ കപ്പാസിറ്റിയുള്ള എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചു. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 21.3.22 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(11) നമ്പർ തീരുമാനപ്രകാരവും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18.5.07 ലെ ജി.ഒ (എം.എസ്) 133/07 പ്രകാരവും കരാർ പ്രകാരവും, പ്രോജക്റ്റ് കോസ്റ്റായ 687773/- രൂപയുടെ 20% (137500/-) മൊബിലൈസേഷൻ അഡ്വാൻസ് നൽകാൻ തീരുമാനിച്ചിരുന്നു. ആയത് നൽകിയതിന്റെയും അതിനനുസരിച്ച് ഫൈനൽ ബില്ലിൽ കുറവ് ചെയ്തതിന്റെയും രേഖകൾ ലഭ്യമായില്ല.

2) 9.3.22 ൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതിലക്ഷ്യം നാളിതുവരെ കൈവരിച്ചിട്ടില്ല. കൊല്ലകൊമ്പ് , കാരാണി പ്രദേശത്ത് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല. കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിൽ വന്ന കാലതാമസത്തിന് നിർവ്വഹണ ഏജൻസിയിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല.

3) 2017 ലെ CGST/SGST Act ലെ സെക്ഷൻ 51 (1) പ്രകാരം ആകെ മൂല്യം (കരാർ തുക ) 2.50 ലക്ഷം രൂപയിൽ അധികരിച്ചാൽ ഓരോ ശതമാനം വീതം CGST , SGST വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ആകെ 2% തുക കുറവ് ചെയ്യാതെയാണ് ബിൽ തുക നൽകിയത്.

4) നിർമ്മാണം പൂർത്തിയാക്കിയ എയറോബിക് കമ്പോസ്റ്റ് യൂണിറ്റിന്റെ പരിപാലനം സംബന്ധിച്ച് തുടർപ്രവർത്തനങ്ങൾ വ്യക്തമല്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/20.8.24) മറുപടി ലഭ്യമായില്ല. 27.8.24 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കമ്പോസ്റ്റ് യൂണിറ്റ് വേസ്റ്റ് നിറഞ്ഞ് ഉപയോഗപ്രദമാകാത്ത അവസ്ഥയിലാണെന്ന് ബോദ്ധ്യപ്പെട്ടു. അപാകതകൾക്ക് വിശദീകരണം ലഭിക്കാത്തതിനാൽ 341592/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതും 341592/- രൂപയുടെ 2% തുകയായ 6832/- രൂപ സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി GST ഇനത്തിൽ അടവാക്കേണ്ടതുമാണ്.

## 1-33 വനിതാഫിറ്റ്നസ്സ് സെന്ററിന് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 96/24, വനിതാ ഫിറ്റനെസ് സെന്റർ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക, ഫണ്ടിനം | 700000/-<br>വികസന ഫണ്ട് (ജനറൽ) |

| | |
|---|---|
| ചെലവ് തുക | 481392/- |
| ബിൽ നമ്പർ, തീയതി | 431/24.3.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വനിതാഫിറ്റ്നസ്സ് സെന്റർ – ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ ടെണ്ടർ കോട്ട് ചെയ്ത Evolwels Sports And Fitness എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 9.2.24 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. രണ്ട് ഇൻവോയ്സുകളിലായി (നമ്പർ 44/23-24/13.3.24, 43/23-24/13.3.24) 447840/- രൂപയുടെ ഉപകരണങ്ങൾ പർച്ചേസ് ചെയ്തു. ബാക്കി തുകയ്ക്ക് സെന്ററിലേയ്ക്ക് 5 ഫാൻ വാങ്ങുകയും ഇലക്ട്രിഫിക്കേഷൻ നടത്തുകയും ചെയ്തു.

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2017 ലെ CGST/SGST Act ലെ സെക്ഷൻ 51 (1) പ്രകാരം ആകെ മൂല്യം (കരാർ തുക ) 2.50 ലക്ഷം രൂപയിൽ അധികരിച്ചാൽ ഓരോ ശതമാനം വീതം CGST , SGST വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ആകെ 2% തുക കുറവ് ചെയ്യാതെയാണ് ബിൽ തുക നൽകിയത്. നികുതി വിഹിതങ്ങൾ കണക്കാക്കാതെയുള്ള അടിസ്ഥാന നിരക്കായ 379525/- ന്റെ 2% ആയ 7590/- രൂപ ബില്ലിൽ കുറവ് ചെയ്യേണ്ടിയിരുന്നു.

2) ഫിറ്റ്നസ്സ് സെന്ററിന്റെ പരിപാലനം , മേൽനോട്ടച്ചുമതല എന്നിവ ആർക്കാണ് കൈമാറിയതെന്ന് വ്യക്തമല്ല. ഉപകരണങ്ങൾ സെന്ററിന് കൈമാറി കരാറിലേർപ്പെട്ടിട്ടില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/22.8.24) റ്റി.ഡി.എസ് ഇനത്തിൽ കിഴിക്കേണ്ട തുക ഫൈനൽബില്ലിൽ ക്രമീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി. ഫിറ്റ്നസ്സ് സെന്ററിന്റെ പരിപാലനത്തിനായി ഭരണസമിതിയിലെ എല്ലാ വനിതാ അംഗങ്ങളെയും ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിട്ടുണ്ടെന്നും കൃത്യമായ ഇടവേളകളിൽ സമിതി യോഗം ചേരുന്നുണ്ടെന്നും ബൈലോ രൂപീകരിച്ച് താൽക്കാലികമായി ഒരു ട്രെയിനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഫിറ്റ്നസ്സ് സെന്റർ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട് എന്ന് 27.8.24 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യമായി. റ്റി.ഡി.എസ് ഇനത്തിൽ കിഴിക്കേണ്ട തുക ഫൈനൽ ബില്ലിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അതോടൊപ്പം ഉപകരണങ്ങൾക്ക് കൃത്യമായ വാറന്റി ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## <u>1-34 ഹോമിയോ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു</u>

| പ്രോജക്ട് നമ്പരും പേരും | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 22/24 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട് റോഡിതരം | 200,000 | 200,000 | 236/18.12.23 |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ബിൽ നമ്പർ 236/18.12.23 പ്രകാരം 200,000/ രൂപ പിൻവലിച്ച് ഹോംകോയിൽ അടവാക്കിയതിൽ 24948/- രൂപയുടെ മരുന്നുകൾ നിലവിലും ലഭിക്കാനവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.07/21.08.2024) മറുപടിയിൽ മരുന്നുകൾക്കുള്ള തുക ഹോംകോയിൽ അടച്ചിട്ടുണ്ടെന്നും, മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് സ്റ്റോക്ക് ബുക്കുകളും രജിസ്റ്ററും ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക്, വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകുന്നതു വരെ 24948/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1-35 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി</u>

| പ്രൊജക്ട് നം. പേര് | അടങ്കൽ തുക,ഫണ്ടിനം | ചെലവ് തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 39/24 -പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 520000/- (518475/- വികസന ഫണ്ട് (എസ് സി പി) + | 1)368475/- 23081252005400557366/ 15.9.23, 2)130000/- -230811252005400813560/ | അസി. സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | 1525 (തനത് ഫണ്ട്) | 20.11.23,<br>3)20000/--23081252005400849750/28.11.23,<br>4)1525/-ചെക്ക് നം. 465805/11.10.23 | | |
| 130/24-പട്ടികവർഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 30000/-(20000/- വികസന ഫണ്ട് (പൊതുവിഭാഗം)+ 10000(തനത് ഫണ്ട്) | 1)20000/--23081252005401557481/26.3.24,<br>2)10000-ചെക്ക് നം.063720/28.3.24 | അസി. സെക്രട്ടറി | |

അസി. സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്റ്റുകൾ പ്രകാരം സ്കോളർഷിപ്പ് ലഭിച്ചവരിൽ താഴെ പറയുന്ന വിദ്യാർത്ഥികൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ഭാനുപ്രിയ |
| 2 | ശരണ്യ |
| 3 | മഞ്ജുള |
| 4 | അശ്വതി പി ജോഷി |
| 5 | നിഖില കൃഷ്ണൻ എസ് |
| 6 | ആഷിക് കെ.എസ്. |
| 7 | അഖില എം. |
| 8 | ആദിത്യ സുഭാഷ് |
| 9 | ദയ എസ് ദിലീപ് |
| 10 | സിമി ജെയിംസ് |

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിന് വിശദീകരണവും, വിദ്യാർത്ഥികളുടെ കോഴ്സുകളുടെ വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/24.8.24) മറുപടി ലഭ്യമായില്ല. മേൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് പദ്ധതി മാർഗരേഖ നിർദേശിക്കുന്നത് പോലെ തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

വിദ്യാർത്ഥികളുടെ കോഴ്സുകളുടെ വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയും ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

**1-36 എസ് സി സങ്കേതം-മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ- വാങ്ങലിന് ടെണ്ടർ ക്ഷണിച്ചില്ല**

അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ എസ് സി സങ്കേതം-മിനി മാസ്റ്റ് ലൈറ്റുകൾ എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതായി രേഖകളില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ, പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് ബിൽ നമ്പർ, തീയതി | വാങ്ങിയ സാധനങ്ങൾ | സ്ഥാപനം |
|---|---|---|---|---|
| 94/24 , എസ് സി സങ്കേതം-മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 450000/- വികസന ഫണ്ട് (എസ് സി പി) | 1)149487/--214/7.12.23,<br>2)149487/--215/7.12.23<br>3)149487-216/7.12.23 | 4 X 100w LED Mini Mast Light | സിഡ്കോ |
| | ആകെ | 448461/- | | |

മേൽ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുകയായിരുന്നു ലക്ഷ്യം . പത്രത്തിലോ സൈറ്റിലോ പരസ്യം നൽകാതെ സിഡ്കോ , INKEL എന്നീ സ്ഥാപനങ്ങളിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി അതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ SIDCO യ്ക്ക് കരാർ നൽകുകയാണ് ചെയ്തത് . ആയത് ക്രമപ്രകാരമല്ല.

2) ധനകാര്യവകുപ്പിന്റെ 2.9.2022 ലെ ജി.ഒ (പി ) നമ്പർ 104/2022 നമ്പർ ഉത്തരവ് പ്രകാരം വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടെ സിവിൽ കൺസ്ട്രക്ഷൻ വർക്കുകൾ പി.എം.സി യായി ചെയ്യാൻ സിഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ LED Mini Mast Light , Cctv ഉൾപ്പെടെയുള്ള വർക്കുകൾ ചെയ്യാൻ അക്രഡിറ്റേഷനുള്ളതായി കാണുന്നില്ല.

3) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.6.2018 ലെ ജി.ഒ (എം.എസ്) നമ്പർ 1696/2018 ഉത്തരവിൽ സിഡ്കോയുടെ ചെറുകിട യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സർക്കാർ സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും ഫർണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനും നോഡൽ ഏജൻസിയായി സിഡ്കോയെ നിശ്ചയിച്ചിട്ടുണ്ട്. മേൽ സൂചിത പർച്ചേസ് പ്രകാരം വാങ്ങിയ ഉൽപ്പന്നങ്ങൾ ഇപ്രകാരം സിഡ്കോ ഉൽപ്പാദിപ്പിക്കുന്നതാണോ എന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/24.8.24) മറുപടി ലഭ്യമായില്ല. സർക്കാർ മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നടപ്പാക്കിയ വാങ്ങൽ ക്രമപ്രകാരമല്ല. മതിയായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രോജക്ട് പ്രകാരമുള്ള 448464/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-37 മാലിന്യനിക്ഷേപം തടയൽ -പൊതു സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ-ജെം വഴി വാങ്ങൽ നടത്തിയില്ല,മറ്റ് അപാകതകൾ.</u>**

| | |
|---|---|
| പ്രൊജക്ട് നം. പേര് | 119/24, മാലിന്യം നിക്ഷേപം തടയൽ പൊതു സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ |
| അടങ്കൽ തുക | 456000/- ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് തുക | 448800/- (224000-ബിൽ നം. 290/23.1.24 + 224800-ബിൽ നം. 320/14.2.24) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ പൊതുസ്ഥലങ്ങളിൽ, മാലിന്യ നിക്ഷേപം തടയാനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് അസി. സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലായി 24 ക്യാമറകൾ സ്ഥാപിച്ചു. ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെ.ആർ.എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1. ജി.ഒ.(പി) 7/19/എസ് പി ഡി തീ. 26.4.19 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും ജെം മുഖേന വാങ്ങണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല

2. ടെണ്ടർ വ്യവസ്ഥയിലോ സ്ഥാപനവുമായി വെച്ചിട്ടുള്ള കരാറിലോ വാങ്ങൽ നടത്തിയ ക്യാമറ(CCTV Camera Trueview 4G Solar Mini), മെമ്മറി കാർഡ് (128gb), LED TV എന്നിവയുടെ വാറന്റി സംബന്ധിച്ചോ തുടർസേവനങ്ങൾ സംബന്ധിച്ചോ വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

3. 2017 ലെ CGST/SGST Act ലെ സെക്ഷൻ 51 (1) പ്രകാരം ആകെ മൂല്യം (കരാർ തുക ) 2.50 ലക്ഷം രൂപയിൽ അധികരിച്ചാൽ ഓരോ ശതമാനം വീതം CGST , SGST വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ആകെ 2% തുക ( 7606/-) കുറവ് ചെയ്യാതെയാണ് ബിൽ തുക നൽകിയത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/24.8.24) മറുപടി ലഭ്യമായില്ല. പൊതുവഴികളിലെ മാലിന്യം തള്ളൽ നിരവധിയായി റിപ്പോർട്ട്

ചെയ്യപ്പെടുന്ന പഞ്ചായത്തിൽ പരാതികൾ പരിഹരിക്കാനും പഞ്ചായത്ത് മാലിന്യമുക്തമാക്കി സൂക്ഷിക്കുന്നതിനും തനതു വരുമാനത്തിൽ നിന്നും തുകകൾ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. നിലവിൽ ക്യാമറകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെങ്കിലും തുടർപരിപാലനങ്ങളും മോണിറ്ററിംഗും അനിവാര്യമായ പ്രോജക്ടിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും സിസിടിവികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**<u>1-38 ജൈവ അജൈവ ലെഗസി മാലിന്യം നീക്കം ചെയ്യൽ-വിശദാംശങ്ങൾ ലഭ്യമായില്ല</u>**

| | |
|---|---|
| പ്രൊജക്ട് നം. പേര് | 121/24, ജൈവ അജൈവ ലെഗസി മാലിന്യം നീക്കം ചെയ്യൽ |
| അടങ്കൽ | 200084/- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 200084/ (110225-ബിൽ നം.156/7.11.23 + 38500 ബിൽ നം. 176/17.11.23 + 11600- ബിൽ നം. 253/28.12.23 + 10200 ബിൽ നം.381/16.3.24 + 29559 ബിൽ നം. 503/28.3.24) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഡംപ് ചെയ്യുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രോജക്ട് പ്രകാരം വിവിധ പ്രവൃത്തികൾക്കായി തുകകൾ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട താഴെ കൊടുത്തിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. MGNREGS എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് വിവിധ വാർഡുകളിലെ ചെലവുകൾക്ക് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. ആവശ്യമായ കൂലിച്ചെലവ്, വാഹന വാടക എന്നിവയാണ് വാല്യുവേഷൻ പ്രകാരമുള്ളതെങ്കിലും പ്രവൃത്തി നടത്തിയതിന്റെ കൂലിച്ചെലവിനാധാരമായ മസ്റ്റർ റോൾ, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല.

2. ബിൽ നം. 156/07.11.23 പ്രകാരമുള്ള 110225 രൂപയിൽ 39125/- രൂപ ഒഴികെയുള്ള തുകകൾ ക്രെഡിറ്റ് ചെയ്തിട്ടുള്ളത് രാഹുൽ നാരായണൻ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ്.

ടി വ്യക്തിയുടെ അക്കൗണ്ടിലേക്ക് മാത്രമായി കൂലിച്ചെലവ്, വാഹന വാടക എന്നിവ പൂർണ്ണമായി വരവ് വെച്ചത് സംബന്ധിച്ച വിശദ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3. ബിൽ നം. 503/28.3.24 പ്രകാരമുള്ള 29559 രൂപയുടെ ചെലവ് വിശദാംശങ്ങളും ബില്ലുകളും ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/24.8.24) മറുപടി ലഭ്യമായില്ല. മറുപടിയും രേഖകളും ലഭ്യമാക്കുന്നത് വരെ 200084/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-39 പോർട്ടബിൾ ബക്കറ്റ് കമ്പോസ്റ്റ് -ഗുണഭോക്തൃവിഹിതം അധികമായി ശേഖരിച്ചത്.</u>**

വി.ഇ.ഒ നിർവഹണോദ്യോഗസ്ഥനായ 43/24, 'ഗ്രീൻ കോട്ടയം ക്ലീൻ കോട്ടയം പന്ത്രണ്ടിനപരിപാടി' എന്ന പ്രോജക്ട് പ്രകാരം വിജയപുരം ഗ്രാമപഞ്ചായത്തിലെ 342 കുടുംബങ്ങൾക്ക് എ.പി.എൽ ,ബി.പി.എൽ വ്യത്യാസമില്ലാതെ I R T C മുഖേന പോർട്ടബിൾ ബക്കറ്റ് കമ്പോസ്റ്റുകൾ വാങ്ങി നല്കാനാണ് ലക്ഷ്യമാക്കിയത്. ഒരു യൂണിറ്റിന് 1400/- രൂപ ചെലവ് വരുന്നതിൽ 90% സി.എഫ്.സി ടൈഡ് ഫണ്ടും 10% ഗുണഭോക്തൃവിഹിതവുമായാണ് പദ്ധതിയിൽ ഫണ്ട് വകയിരുത്തിയത്.

ആയത് പ്രകാരം 145 ഗുണഭോക്താക്കളിൽ നിന്ന് 140/- രൂപ വീതം ഗുണഭോക്തൃവിഹിതമിനത്തിൽ തുക ശേഖരിച്ച് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ I R T C ക്ക് പകരം സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മുഖാന്തിരം പ്രവൃത്തി നടപ്പാക്കിയതിനാൽ ബക്കറ്റ് കമ്പോസ്റ്റിന്റെ യൂണിറ്റ് നിരക്ക് 887/- രൂപയായും 10% ഗുണഭോക്തൃവിഹിതം 89/- രൂപയായും നിശ്ചയിച്ചു. ആകെ 219 ഗുണഭോക്താക്കൾക്ക് ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. 219

ഗുണഭോക്താക്കൾക്കായുള്ള 89/- രൂപ വീതമുള്ള ഗുണഭോക്തൃ വിഹിതം ചെലവിന്റെ വിഹിതം, ചെലവ് പത്രികയിലും ഉൾപ്പെട്ടിട്ടുണ്ട്.

89/- രൂപയ്ക്ക് പകരം ഗുണഭോക്തൃവിഹിതമായി 140/- രൂപ വീതം 145 ഗുണഭോക്താക്കളിൽ നിന്ന് ശേഖരിച്ചതിനാൽ ഒരാളിൽ നിന്ന് 51/- രൂപ വീതം ആകെ 7395/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ അധികമായി ശേഖരിച്ച് പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

പ്രോജക്ട് പരിഷ്കരിച്ച് വ്യത്യസ്തമായി നടപ്പാക്കിയതാണ് ഇപ്രകാരം അധികതുക ഗുണഭോക്താക്കളിൽ നിന്ന് ശേഖരിക്കാനുണ്ടായ കാരണം. തെറ്റായ രീതിയിൽ ശേഖരിച്ച തുക തിരികെ നല്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം18/23-08-24) നുള്ള മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒയും ,എക്സിറ്റ് മീറ്റിംഗിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും അധികം ശേഖരിച്ച തുക മടക്കിനല്കുമെന്ന് അറിയിച്ചു. തുക മടക്കി നല്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 ജി ബിൻ വിതരണം -ഗുണഭോക്തൃവിഹിതം തിരികെ നല്കുന്നതിനുള്ള കമ്മിറ്റി തീരുമാനം -നടപടി പൂർത്തിയായില്ല.

ഖരമാലിന്യനിർമാർജനവുമായി ബന്ധപ്പെട്ട് അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച ഖരമാലിന്യ സംസ്ക്കരണം ജി ബിൻ വിതരണം എന്ന പ്രോജക്ട് (97/24) പ്രത്യേക സാഹചര്യങ്ങളാൽ നടപ്പിലാക്കാൻ സാധിക്കാതെ വന്നതിനാൽ ഗുണഭോക്തൃവിഹിതമായി ഈടാക്കിയ തുക തിരികെ നല്കുന്നതിന് 02-03-2024 ലെ 1(8)തീരുമാന പ്രകാരം കമ്മിറ്റി അംഗീകാരം നല്കുകയുണ്ടായി. ഇതുൾപ്പെടെയുള്ള കമ്മിറ്റി തീരുമാനത്തിന്മേലുള്ള നടപടിവിവരങ്ങൾ ആരാഞ്ഞ് നല്കിയ (34/26-08-24) നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി ഖണ്ഡിക 4 ൽ ജി ബിൻ വിതരണം എന്ന പ്രോജക്ട്(97/24 നമ്പർ) ഉപേക്ഷിച്ച് പ്രസ്തുത തുകയ്ക്ക് പുതിയ പ്രോജക്ട് 2024-25 വാർഷികപദ്ധതി ഭേദഗതിയിലുൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ളതായും ഗുണഭോക്തൃവിഹിതമായി 43 പേരിൽ നിന്നായി 430 രൂപ വീതം ആകെ ശേഖരിച്ച 18490 രൂപ തിരികെ നല്കി വിവരം രേഖാമൂലം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുമെന്നും അറിയിച്ചു. 29-08-24ൽ നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിലും ടി വിഷയം ചർച്ച ചെയ്തിട്ടുണ്ട്. നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-41 കാലി ബാരൽ വില പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

അസി.എൻജിനീയർ നടപ്പാക്കിയ വിവിധ ടാറിംഗ് റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് കാലി വീപ്പയുടെ വില ഇനത്തിൽ 7187/-രൂപ കിഴിവ് ചെയ്തിട്ടുണ്ട്.തുക നിലവിൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.പ്രവൃത്തികൾക്കായി വിനിയോഗിച്ച ഫണ്ടിലേക്ക് യഥാക്രമം തുക അടച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-42 പ്രവൃത്തിയുടെ ഇൻഷുറൻസ് രേഖ ഹാജരാക്കിയില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ രേഖകളിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ പ്രവൃത്തിയ്ക്ക് 200000 രൂപയുടെ ഇൻഷുറൻസ് എടുക്കണമെന്നും പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ആയത് അസിസ്റ്റന്റ് എൻജിനീയർക്ക് സമർപ്പിക്കണമെന്നും സെലക്ഷൻ നോട്ടീസിലെ 6-ാം വ്യവസ്ഥയിൽ പറയുന്നു. ഇൻഷുറൻസ് രേഖകൾ സമർപ്പിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% ബിൽ തുകയിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. 2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ 181/24, കൊശമറ്റം കോളനി കുടിവെള്ള പദ്ധതി പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് കരാറുകാരനായ രാഹുൽ നാരായണൻ വ്യവസ്ഥ പ്രകാരമുള്ള ഇൻഷുറൻസ് രേഖകൾ സമർപ്പിച്ചിരുന്നതായി കാണുന്നില്ല. എന്നാൽ പ്രവൃത്തിയുടെ ബില്ലിൽ നിന്ന് പിഴയും ഈടാക്കിയിട്ടില്ല.

ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം. 20/23-08-24) ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്ന് ഫൈൻ ഈടാക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന് അസി.എൻജിനീയർക്ക് വേണ്ടി ഓവർസിയർ അറിയിച്ചു. ഫൈൻ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-43 ഐ.കെ.എം മെമ്പർഷിപ്പ് ഫീസ് - കൈപ്പറ്റ് രേഖകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 294/24 |
| അടങ്കൽ തുക, ഫണ്ടിനം | വികസനഫണ്ട് (ജനറൽ)<br>900000/- |
| ചെലവ് തുക | 900000/- |
| ബിൽ നമ്പർ, തീയതി | 30/31.3.24 |

| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|

ഇൻഫർമേഷൻ കേരളമിഷൻ സൊസൈറ്റിയുടെ ബൈലോ സെക്ഷൻ 20(എ) പ്രകാരം ഐ.കെ.എം ന് 2013-14 മുതൽ 2015-16 വരെ പ്രതിവർഷം മെമ്പർഷിപ്പ് ഫീസിനത്തിൽ 300000/- രൂപ വീതം ഗ്രാമപഞ്ചായത്തുകൾ നൽകേണ്ടിയിരുന്നു. ഇത്തരത്തിൽ തുക നൽകാത്ത സ്ഥാപനങ്ങളിൽ നിന്ന് 2023-24 വർഷത്തെ ചെലവഴിക്കാത്ത വികസനഫണ്ട് (ജനറൽ) നിന്നും പ്രോജക്ട് പ്രകാരം തുക ചെലവഴിക്കാൻ തദ്ദേശസ്വയംഭരണവകുപ്പിന്റെ 5.3.24 ലെ ജി.ഒ (എം.എസ്) 538/2024 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിജയപുരം ഗ്രാമപഞ്ചായത്ത് മേൽ പ്രോജക്ട് പ്രകാരം തുക ഐ.കെ.എം ന് കൈമാറി. തുക കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. ആയത് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-44 വിവിധ ഡെപ്പോസിറ്റ് വർക്കുകൾ- കരാർ /വിനിയോഗ വിവരമില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണകാലയളവ് രേഖപ്പെടുത്തി സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. തുക ചെലവഴിച്ചത് സംബന്ധിച്ച് നിർവ്വഹണ ഏജൻസിയിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായില്ല.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ, ഫണ്ടിനം | വൗച്ചർ നമ്പർ, ബിൽ നമ്പർ, തീയതി | ചെലവ് തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 30/24 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിംഗും | 60000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 500000/- തനത് ഫണ്ട് | 22301466/11.7.23-168919/-<br>22300753/12.11.23 – 24948/-<br>22301226/22.2.24-11221/-<br>22301227/22.2.24-40144/-<br>22301331/16.3.24 -17382/- | 262614/- ആയതിൽ 24948/- രൂപയുടെ യു.സി ലഭിക്കാനുണ്ട്. | കെ.എസ്.ഇ.ബി |
| 218/24 സ്ട്രീറ്റ് ലൈറ്റ് ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിംഗും | 107975/- തനത് ഫണ്ട് | 22301360/1.11.23-10598/-<br>22301368/22.12.23-6157/-<br>22301369/22.12.23-47746/-<br>22301228/28.2.24 -43474/- | 107975/- ആയതിൽ 43474/-രൂപ, 6157/-രൂപ, എന്നീ ചെലവുകളുടെ യു.സി ലഭിക്കാനുണ്ട് | കെ.എസ്.ഇ.ബി |
| 80/24 ആനത്താനം - കുന്നുംപുറം കുടിവെള്ള പദ്ധതി | 1000000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 509/28.3.24 = 900000/-<br>512/30.3.24 = 100000/- | 1000000/- | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| | | ആകെ യു.സി ലഭിക്കാനുള്ളത് | 1074579/- | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ 6/20.8.24, 11/22.8.24) പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് യു.സി ലഭ്യമാക്കുമെന്ന മറുപടി ലഭിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേക്കായി 1074579/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1- 45 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ

### I. ആമുഖം

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണം. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖര മാലിന്യ

സംസ്കരണ പ്രവർത്തനങ്ങളിൽ ആണ് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമാണ് നിലവിൽ ഗ്രാമപ്പഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളി.

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, മലീനീകരണ നിയന്ത്രണ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭക ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന തൊഴിൽ സംരംഭക ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15. 07. 2017 ലെ സ. ഉ (സാധാ) നം. 2420/2017/ ത. സ്വ. ഭ. വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23. 04. 2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് മാലിന്യനിർമ്മാർജന പ്രക്രിയകൾ മാറേണ്ടിയിരിക്കുന്നു. 19 വാർഡുകൾ ഉൾക്കൊള്ളുന്ന നഗരസ്വഭാവമുള്ള വിജയപുരം ഗ്രാമപഞ്ചായത്തിൽ ആകെ 11309 വീടുകളും 684 വാണിജ്യസ്ഥാപനങ്ങളുൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളുമാണുള്ളത്. ഒഴിഞ്ഞ് കിടക്കുന്ന വീടുകളും സ്ഥാപനങ്ങളും ഒഴിവാക്കിയാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 9089 വീടുകളിലും 544 സ്ഥാപനങ്ങളിലുമാണുള്ളത്. ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ 50417 ആണ്. ഒരു വാർഡിൽ രണ്ട് അംഗങ്ങൾ വീതം 19 വാർഡുകളിലേക്കായി 38 ഹരിതകർമ്മസേനാംഗങ്ങളാണ് മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനത്തിൽ പങ്കാളികളായിട്ടുള്ളത്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഒഴിഞ്ഞുകിടക്കുന്നവയൊഴികെ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളും വാണിജ്യ സ്ഥാപനങ്ങളും മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നുണ്ട്.

മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് വിജയപുരം ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ വിവരിക്കുന്നു.

1.) 2840ച. അടി വിസ്തീർണ്ണമുള്ള ,ഫയർ എക്സിഗ്യൂഷർ ഉൾപ്പെടെ സംവിധാനങ്ങൾ ഉള്ള എം. സി. എഫ് സ്ഥാപിച്ചിട്ടുണ്ട് .

2.) എല്ലാ വാർഡിലും മിനി എം. സി. എഫ് സ്ഥാപിച്ചിട്ടുണ്ട്.

3.) മാലിന്യനീക്കത്തിന് ഇലക്ട്രിക് വാഹനം വാങ്ങുകയും ഡ്രൈവറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

4.) പൊതുഇട മാലിന്യ നിക്ഷേപം തടയാൻ സി.സി.ടി.വി ക്യാമറ ഘടിപ്പിച്ചിട്ടുണ്ട്.

## 2 ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12. 08. 2020ലെ ജി. ഒ. (ആർ. ടി. )1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ മേഖലയിൽ കാര്യമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. ഈ സംവിധാനം നിലവിൽ പൂർത്തിയായിട്ടില്ല. ആകെ 9633 ക്യൂ. ആർ കോഡ് പതിക്കേണ്ടതിൽ വീടുകളുടെയും സ്ഥാപനങ്ങളുടെയുമുൾപ്പെടെ ആകെ 78% കെട്ടിടങ്ങളുടെ എന്റോൾമെന്റ് മാത്രമാണ് സാധിച്ചിട്ടുള്ളത് . വീടുകളിൽനിന്നും ₹50/-, സ്ഥാപനങ്ങളിൽ നിന്നും ₹100/- എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് പ്രാഥമികമായി മിനി എം. സി. എഫ്. -കളിൽ സൂക്ഷിച്ച്, തുടർന്ന് മെയിൻ എം. സി. എഫ്-ൽ എത്തിച്ച് തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്തിരുന്നത്. എന്നാൽ 17-04-2024ലെ കരാർ അനുസരിച്ച് തിരുവോണം ഇക്കോ ഇൻഡസ്ട്രീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നിലവിൽ തരം തിരിച്ച മാലിന്യം എം. സി. എഫ് ൽ നിന്ന് കൈമാറുന്നത്. മാലിന്യനീക്കം കാര്യക്ഷമമായി നടക്കുന്നുവെന്നാണ് എം. സി. എഫി ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടത്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2023-24ൽ 4 ബോധവൽക്കരണക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. മാലിന്യമുക്ത നവകേരളം കാമ്പൈൻ, വിദ്യാർഥികൾക്ക് ബോധവല്ക്കരണം നല്കുന്നതിനായി ഹരിതസഭ, മാലിന്യമുക്ത ശില്പശാല എന്നിവ കൂടാതെ ജനപ്രതിനിധികൾ, ഹരിതകർമ്മസേനാപ്രവർത്തകർ, ആശാവർക്കർമാർ, അദ്ധ്യാപകർ, വ്യാപാരിവ്യവസായി

പ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ, വിദ്യാർഥികൾ, പൊതുജനങ്ങൾ എന്നിവർക്കായി ബോധവൽക്കരണ ക്ലാസ്സുകളും നടത്തപ്പെട്ടു.

ശേഖരിക്കുന്ന അജൈവ മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതിൽ ബുദ്ധിമുട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഓരോ മാസവും 1 മുതൽ 15-ാം തീയതി വരെ ശേഖരിക്കുന്ന മാലിന്യങ്ങൾ മിനി എം. സി. എഫ് കളിലേക്ക് മാറ്റുകയും 16 മുതൽ 27ാം തീയതി വരെ മിനി എം. സി. എഫ് ൽ നിന്ന് തരംതിരിച്ച് എം. സി. എഫ് ൽ എത്തിച്ച് 28, 29, 30 തീയതികളിൽ മാലിന്യനീക്കത്തിന് കരാർ വച്ചിട്ടുള്ള കമ്പനിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ വേർതിരിച്ച് ശേഖരിക്കുന്നതിൽ പ്രായോഗിക വിഷമതകൾ ഉള്ളതായി അറിയിച്ചു. അതായത് ഒരു വാർഡിൽ നിന്ന് ഒരു ദിവസം ശരാശരി 30 വീടുകളിലെ അജൈവമാലിന്യങ്ങൾ ശേഖരിക്കാൻ സാധിക്കും. എന്നാൽ ഇവ ഉറവിടത്തിൽതന്നെ വേർതിരിക്കുകയാണെങ്കിൽ 15ലധികം വീടുകളിൽ നിന്ന് ഒരു ദിവസം മാലിന്യം ശേഖരിക്കാൻ ആവില്ലയെന്നത് മാലിന്യസംസ്കരണ പ്രവർത്തനത്തിൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി കാണുന്നു.

**3 മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമ സേനയ്ക്ക് കൈമാറുന്നതിനും അവ കത്തിയ്ക്കുന്നത് കൊണ്ടുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും, നോട്ടീസ് മുഖേനയും വാർഡ് തല സാനിറ്റേഷൻ കമ്മിറ്റി മുഖേനയും ഗ്രാമസഭകൾ മുഖേനയും ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ ക്യാമറകൾ സ്ഥാപിക്കുകയും കുറ്റക്കാരായി കണ്ടെത്തിയവരിൽ നിന്ന് പിഴ ഇനത്തിൽ നാളിതുവരെ 123500/രൂപ ഈടാക്കുകയും ചെയ്തിട്ടുള്ളതായി അറിയിച്ചു.

**4 മാലിന്യശേഖരണത്തിലെ കാര്യക്ഷമത**

സമയബന്ധിത മാലിന്യ ശേഖരണത്തിനായി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കെൽട്രോൺ സഹായത്തോടെ ക്യൂ. ആർ കോഡ് പതിക്കുന്ന നടപടി പൂർത്തിയായി വരുന്നു. ക്യൂ. ആർ കോഡ് പതിക്കുന്ന നടപടികൾ പൂർത്തിയാക്കുന്നതോടെ ഹരിതമിത്രം ആപ്പ് പ്രവർത്തനക്ഷമമാകുന്നതാണ്. മാലിന്യം വലിച്ചെറിയൽ നിയന്ത്രിക്കുന്നതിനായി സിസിടിവി ക്യാമറകൾ സ്ഥാപിക്കൽ മാലിന്യസംസ്ക്കരണത്തിനായി തുമ്പൂർമുഴി മോഡൽ പ്ലാന്റുകൾ സ്ഥാപിക്കൽ തുടങ്ങി വൈവിദ്ധ്യമാർന്ന പ്രോജക്ടുകളും ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ തുമ്പൂർമുഴി മോഡൽ പ്ലാന്റുകൾ നിലവിൽ നിഷ്ക്രിയാവസ്ഥയിൽ തുടരുന്നതായാണ് കാണുന്നത്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനായി ജി ബിൻ കംപോസ്റ്റ് യൂണിറ്റുകളുടെ വിതരണം, ഗ്രീൻ കോട്ടയം, ക്ലീൻ കോട്ടയം ശുചിത്വ മാലിന്യ സംസ്കരണം തുടങ്ങിയ പ്രോജക്ടുകൾ പഞ്ചായത്തിനെ മാലിന്യമുക്തമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് കുപ്പികൾ നിക്ഷേപിക്കുന്നതിന് പ്രധാന ജംഗ്ഷനുകളിൽ ബോട്ടിൽബൂത്തുകൾ സ്ഥാപിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. എന്നാൽ മാലിന്യ ശേഖരണാർത്ഥം പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടില്ല.

**5 തൊഴിൽസൃഷ്ടിക്കൽ.**

38 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. മാസത്തിലെ 15 ദിവസം മാലിന്യ ശേഖരണവും, 12 ദിവസം തരംതിരിക്കൽ 3ദിവസം മാലിന്യനീക്കം എന്നിങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്. ഹരിത കർമ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകളും നിയന്ത്രിക്കുന്നതിനായി ഹരിത കർമസേന കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി ബാങ്ക് അക്കൗണ്ട് തുടങ്ങുകയും(എസ്. ബി. ഐ, വടവാതൂർ, അക്കൗണ്ട് നം. 38445479449) അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി പ്രതിമാസം ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ഓരോ സേനാംഗത്തിനും നിലവിൽ മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതായി കാണുന്നു. ഹരിതകർമ്മസേന കൺസോർഷ്യം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2023-24 വർഷം 3125350/രൂപ യൂസർഫീ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ ക്ലീൻകേരള കമ്പനിയിൽ നിന്ന് തരം തിരിച്ച പ്ലാസ്റ്റിക്കിനുള്ള വിലയായി 63272/രൂപയും ലഭ്യമായിട്ടുണ്ട്. വേതനം ഇനത്തിൽ 2812815/രൂപ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി. കുറഞ്ഞത് 5750/രൂപമുതൽ 10250/രൂപ വരെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം ശരാശരി വരുമാനം ലഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവിനായി ജൈവമാലിന്യസംസ്കരണ/ജൈവവള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ല.

**6 അടിസ്ഥാന സൗകര്യങ്ങൾ**

ഇലക്ട്രിക് പെട്ടി ഓട്ടോറിക്ഷയിലാണ് നിലവിൽ മാലിന്യ നീക്കം നടത്തുന്നത് . ഒരു

താല്ക്കാലിക ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സേനാംഗങ്ങൾക്ക് ഗ്ലൗസ്, യൂണിഫോം, ഗംബൂട്ട്, ബീച്ച് അംബ്രല്ല, ട്രോളി, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നല്കിയിട്ടുണ്ട്. കൂടാതെ ഡ്രസ്സിംഗ് റൂം സൗകര്യങ്ങളും എം. സി. എഫ് ൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഫയർ എക്സ്റ്റിംഗുഷറുകൾ, വാട്ടർ ടാങ്കുകൾ, എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ശുചിമുറിസൗകര്യങ്ങൾ, സ്ഥിരമായ കുടിവെള്ളസംവിധാനം എന്നിവ ഇനിയും ഏർപ്പെടുത്തിയിട്ടില്ല.



**7. പരിശീലനവും വികസനവും**

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സ്മാർട്ട് ഗാബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, മാലിന്യം തരംതിരിക്കൽ സംബന്ധിച്ച് ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും പരിശീലന സെക്ഷനുകൾ നൽകിയിട്ടുണ്ട്.

**8. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി**

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നിലവിലുള്ള എം. സി. എഫിന് വഴി സൗകര്യങ്ങളുണ്ട്. 2840 ചതുരശ്ര അടി വിസ്തൃതി ഉള്ള, 50 ടൺ മാലിന്യം സംഭരിക്കാൻ എം. സി. എഫ് ൽ ടിപ്പിംഗ്ഏരിയ, സ്റ്റോറേജ്ഏരിയ, മെഷിനറിഏരിയ, എന്നിങ്ങനെ തരം തിരിച്ച് ഏർപ്പെടുത്തിപ്പെടുത്തിയിട്ടില്ലെങ്കിലും സ്ഥല സൗകര്യം ഉണ്ട്. എന്നാൽ കനത്ത മഴയിൽ വെള്ളപ്പൊക്ക സാദ്ധ്യത നിലനില്ക്കുന്നതിനാലും ബെയിലിംഗ് മെഷീൻ ഉൾപ്പെടെ സ്ഥാപിക്കേണ്ടതിനാലും കൂടുതൽ സൗകര്യമുള്ളതും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതാവും ഉചിതം. മാലിന്യശേഖരണസംസ്കരണ പ്രവർത്തനങ്ങൾ എന്നേയ്ക്കും തുടരേണ്ട സാഹചര്യത്തിൽ വാടകയിനത്തിലെ ബാദ്ധ്യത ഒഴിവാക്കുന്നതിനും ഇതിലൂടെ സാധിക്കും.



**9. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

മാലിന്യം ശേഖരിക്കുകയും തരം തിരിക്കുകയും ചെയ്യുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, യൂണിഫോം, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിരിക്കുന്നു. എല്ലാ മാസവും പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ഹരിതകർമ്മസേനാംഗങ്ങളുടെ യോഗം വിളിച്ച് ചേർത്ത്പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചർച്ചകളിലൂടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിനായി നിർദ്ദേശങ്ങൾ നല്കി വരുകയും ചെയ്യുന്നുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടിന്റെയും, ഹെൽത്ത് ഇൻസ്പെക്ടറുടെയും മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന പ്രവർത്തിച്ചുവരുന്നത്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്.

സമൂഹത്തിൽ ഒരു മാലിന്യനിർമ്മാർജ്ജന സംസ്കാരം രൂപപ്പെട്ടിട്ടില്ലാത്തതിനാൽ ഹരിതകർമ്മസേന പ്രവർത്തനം ഒരു സമൂഹസേവനമായി കരുതുന്നവർ വളരെ കുറവാണ്. മറ്റുള്ളവർ ഒരു നിർബന്ധിതപിരിവായാണ് യൂസർഫീയെ കണക്കാക്കുന്നത്. പ്രതികൂലമായ

കാലാവസ്ഥ, പ്രാദേശികമായ സംഭവങ്ങൾ, ഹരിതസേനാംഗങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ എന്നിവ ഹരിതകർമ്മസേന പ്രവർത്തനത്തിൽ പ്രായോഗികബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. എങ്കിൽപ്പോലും ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഉപകരിക്കുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ സുസ്ഥിര വികസനത്തിന്റെ പ്രധാനലക്ഷ്യമായമാലിന്യസംസ്കരണത്തിൽ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കുന്നതിനും ഹരിതകർമ്മസേനപ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**10. ശുപാർശകൾ.**

. ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് മതിയായ സൗകര്യങ്ങളുള്ള MCF, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കുക.

. ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.

. ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

. മാലിന്യ നീക്കത്തിനായി ഹരിത കർമ്മസേനയ്ക്ക് ലഭ്യമാക്കിയ വാഹനം ഓടിക്കുന്നതിന് ഹരിതകർമ്മ സേന അംഗങ്ങളെ പര്യാപ്തരാക്കുക.

. മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2023-24 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 19/08/2024, 21/08/2024 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി പള്ളം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 175900/- രൂപയും കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 36800/- രൂപയും ലഭിച്ചിട്ടുണ്ട്. ബ്ലോക്ക് വിഹിതത്തിന്റെയും ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെയും ചെലവ് വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | 175900 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബത്ത (20/24) | 175900 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 36800 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബത്ത (20/24) | 36800 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2023-24 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് KSEB Ltd., ഭൂജല വകുപ്പ്(Ground Water Department-GWD) എന്നീ ഏജൻസികളിൽ സെക്രട്ടറിയുടെ പ്രോജക്ടുകൾ പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിങ്ങും (30/24) | 262614/- | 237666/- | 24948/- |
| | സ്ട്രീറ്റ് ലൈറ്റ് ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിങ്ങും (218/24) | 107975/- | 58344/- | 49631/- |
| | ആകെ | 370589/- | 296010 | 74579/- |
| ഭൂജല വകുപ്പ് (GWD) | ആനത്താനം - കുന്നുംപുറം കുടിവെള്ള പദ്ധതി (80/24) | 1000000/- | 0 | 1000000/- |
| | ആകെ | 1000000/- | 0 | 1000000/- |
| **ഒട്ടാകെ** | | **1370589/-** | **296010/-** | **1074579/-** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2023-24 വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

പഞ്ചായത്തിന് വായ്പയിനത്തിൽ ബാധ്യതയില്ല. 2023-24 ൽ പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചിട്ടില്ല. പ്രോജക്ട് നം. 298, 293, 296 എന്നിവ പ്രകാരം വികസന ഫണ്ട് എസ് സി പിയിൽ നിന്ന് 41849/- രൂപ കുറവ് ചെയ്തു. വായ്പ ബാധ്യതയില്ലാത്ത പഞ്ചായത്തിന്റെ അലോട്ട്മെന്റിൽ കുറവ് ചെയ്തത് തദ്ദേശ ഭരണ ജോയിന്റ് ഡയറക്ടർ മുഖേന ഉചിതമാർഗ്ഗേണ സർക്കാരിൽ അറിയിച്ച് അലോട്ട്മെന്റ് തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ സ്ഥിരനിക്ഷേപ (Fixed Deposits) കണക്കുകളുടെ സംക്ഷിപ്ത വിവരം Fixed Deposit രസീത് പ്രകാരമുള്ളത് ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,000,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 5,000,000/-* |
| തൻവർഷം ലഭിച്ച തുക (പലിശ) | 1,401,186/- |
| | |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 31/03/2024-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30,000,000/- |

*മുൻവർഷ പലിശ ഉൾപ്പെടെയുള്ള തുക

ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് കോട്ടയം സബ് ട്രഷറിയിൽ മൂന്ന് സ്ഥിരനിക്ഷേപങ്ങളാണുള്ളത്. ട്രഷറി സ്ഥിര നിക്ഷേപങ്ങളുടെ വിവരവും 2023-24 പലിശ കണക്കുകളും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | പലിശ നിരക്ക് | 01/04/2023 മുന്നിരിപ്പ് | 2023-24 പലിശ | 2023-24 പിൻവലിച്ചത് | 31/03/2024 നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1. | 799010502782490 | 7 % | 10,000,000/- | 572394/- | 0 | 10,000,000/- |
| 2. | 799010502782563 | 7 % | 15,000,000/- | 820162/- | 0 | 15,000,000/- |
| 3. | 799010502789586 | 7 % | 5,000,000/- | 8630/- | 0 | 5,000,000/- |
| **ആകെ നിക്ഷേപം** | | | **30,000,000/-** | **1,401,186/-** | 0 | **30,000,000/-** |

## 4-7 ഓഡിറ്റ് റിക്കവറി

2023-24 വർഷം ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

വിജയപുരം ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2-1, 2-2-8 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-3-1, 2-3-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | ,, |
| 2015-16 | 2-4-1,2, 3,4,5,6,7 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | ,, |
| 2021-22 | 1-16 | 2019-20 | അനുബന്ധം-1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് | ,, |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റെസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 99020225/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റെസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 60601237/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 136899632/- |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 137640037/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5292743/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 274118/-<br>13986/- | ശ്രീകാന്ത് റ്റി. ആർ., സെക്രട്ടറി<br>അനീഷ് എസ്, സെക്രട്ടറി |
| 1-25 | 665000/- | ശ്രീകാന്ത് റ്റി. ആർ., സെക്രട്ടറി |
| 1-27 | 1277000/- | അനീഷ് എസ്, സെക്രട്ടറി |
| 1-28 | 249775/- | ശ്രീകാന്ത് റ്റി. ആർ., സെക്രട്ടറി |
| 1-30 | 82140/- | ശ്രീകാന്ത് റ്റി. ആർ., സെക്രട്ടറി |
| 1-31 | 640860/- | ശ്രീകാന്ത് റ്റി. ആർ., സെക്രട്ടറി |
| 1-32 | 341592/- | ശ്രീകാന്ത് റ്റി. ആർ,സെക്രട്ടറി |
| 1-34 | 24948/- | ഡോ. അമൃത സി ഡി മെഡി.ഓഫീസർ,ഹോമിയോ |
| 1-36 | 448661/- | അനീഷ് എസ്, സെക്രട്ടറി |
| 1-38 | 200084/- | 170525/- അനീഷ് എസ്, സെക്രട്ടറി<br>29559/- വിനു മാത്യൂസ്,അസിസ്റ്റന്റ് സെക്രട്ടറി |
| 1-44 | 1074579/- | 74579/- അനീഷ് എസ്, സെക്രട്ടറി<br>1000000/- വിനു മാത്യൂസ്,അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 5292743/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.
(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല.

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ നാളിതു വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | കത്തിടപാടിന്റെ വിവരം | എണ്ണം |
|---|---|---|
| 1990-91 & 1991-92 | എൽ.എഫ്.കെ.പി3-809/1995/05-01-1996 | - |
| 1998-99 (ചെലവ്) | എൽ.എഫ്.കെ.പി11-730/അദാ/2014/28-11-2014 | 4 |
| 1999-00 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)/53(3)/2018/19-02-2018 | 22 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി12-1949(4)/2019/13-07-2020 | 1 |
| 2000-01 & 2001-02(Plan) | കെ.എസ്.എ-കെ.ടി.എം.പി12-1949(4)/2019/13-07-2020 | - |
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി12-1949(5)/2019/13-07-2020 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(4)/2022/26-08-2022 | 1 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(6)/2022/26-08-2022 | 1 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(7)/2022/26-08-2022 | 3 |
| 2011-12 | എൽ.എഫ്.കെ.പി11-957/2013/10-02-2014 | 19 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(8)/2022/26-08-2022 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(9)/2022/26-08-2022 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(10)/2022/26-08-2022 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12-1476/2017/23-12-2017 | 21 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1117/2017/30-06-2020 | 10 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/100(1)/2022/26-08-2022 | 12 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി12/100(2)/2022/06-09-2022 | 14 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി12/493/2022/26-07-2022 | 25 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി12/1551/2022/03-11-2022 | 37 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി12/2430/2022/18-04-2023 | 20 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി12/1896/2023/23-12-2023 | 34 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 29-06-2024 and submitted on 29-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Vijayapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vijayapuram Grama Panchayat as on 31-03-2024

**Date: 07/10/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Vijayapuram Grama Panchayat for the Year 2023-2024.

### 1.Major Observations

1. General Fund Details not maintained. Opening Balance Receipt Payment(OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2024.

2.Non-Disclosure of Capital Contribution. Capital Contribution Register and details not kept. Amount used for Asset creation using specific grant account not transferred to capital contribution and treated as revenue income.
3). Non Disclosure of Assets. Assets not classified, valuated and accounted-Asset Register has not updated upto 31/03/2024.

### 2.Other Observations

1) Adequate data and calculation sheets not maintained for depreciation calculations.

2) Mandatory financial statements such as notes on account is not included in AFS.

3) Government and other dues register not maintained.

4) Accrual accounting of contingent expenditures for the year has done in a Single

liability account head even though proper accounting heads are available.

5) DCB 0f Professional Tax & IFTE&OS Licence fee posted in the concerned registers are not match with AFS.

6)Amount booked as Beneficiary contribution in B4 Schedule (Head of account 460100199 ) not explained with supporting documents.

**7)**Advance amount given to MGNREGS recorded in B18 schedule Rs.2,261,552/(Head of Account 460500501) not

tallied with MGNREGS cash book.

8) Amount booked as Rs,53,318, Other Advance in the B18 Schedule (Head of account 460100199 ) not explained with supporting documents.

9) Amount booked as Rs. 220,000 Advance to implementing Officers in the B18 Schedule (Head of account 460500801 ) not explained with supporting documents.

10) Advance amount deposited in KSEB, Rs. 107975/- has not accounted in Deposit head of account.

11) The register showing the details of Capital Work in Progress not kept.

12) Opening and closing balance of Finance commission grants were not worked out.
13) Interest on fixed deposits recorded in RP-8 schedule Rs.1,476,010/- (Head of Account 170100101) not

tallied with FD receipt interest. Fixed Deposit register has not updated upto 31/03/2024.

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്